# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അഴൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ റ്റി വി എം ജി പി10 /431/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 29/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അഴൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ റ്റി വി എം ജി പി10 /431/2023 തീയ്യതി: 29/03/2023

## തിരുവനന്തപുരം ജില്ലയിലെ അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-03-2022 മുതൽ 18-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 20-02-2023 | 28-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-02-2023 | 28-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രതാപ്കുമാർ.ആർ.-ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ).
ശ്രീ.സുരേഷ്ബാബു.ബി.-അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.
ശ്രീമതി.അമലാദേവ്.ഓഡിറ്റർ.
ശ്രീ.രഞ്ജിത്.സി.ഓഡിറ്റർ.

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ആർ അനിൽ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ചന്ദ്രബാബു.എസ്.എസ്. | സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.ബൃന്ദ | ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ. മഹേഷ് | വി.ഇ.ഒ.(സർക്കിൾ-1) | 01-04-2021 | 31-03-2022 |
| ശ്രീ.നൗഫൽ. | വി.ഇ.ഒ.(സർക്കിൾ-2) | 01-04-2021 | 31-03-2022 |
| ശ്രീമതി.രമ്യ. | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.അനശ്വര | കൃഷി ഓഫീസർ | 01-04-2021 | 05-10-2021 |
| ശ്രീമതി.സീമ.വി | കൃഷി ഓഫീസർ | 06-10-2021 | 10-02-2022 |
| ശ്രീമതി.സംഗീത | കൃഷി ഓഫീസർ | 11-02-2021 | 31-03-2022 |
| ഡോ.അഭിലാഷ്. | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ.ബൈജു. | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ഡോ.അശ്വതി. | മെഡിക്കൽ ഓഫീസർ.ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.പത്മപ്രസാദ് | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.ശ്രീകാന്ത്. | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീ.ശ്രീകുമാർ.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.അനിതാ റാഫേൽ | ഫിഷറീസ് ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ഗീതുമോൾ.വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

-

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം. | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | ക്ഷേമപദ്ധതികൾ | 1-5 |
| 6 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും നൽകി | 1-5-1 |
| 7 | ക്യാഷ് പരിശോധന | 1-6 |
| 8 | ആഭ്യന്തര നിയന്ത്രണം. | 1-7 |
| 9 | തൊഴിലുറപ്പ് പദ്ധതി. | 1-8 |
| 10 | പൊതു അവലോകനം | 1-8-1 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ | 1-9 |
| 12 | വിമുക്ത ഭടന്മാർക്ക് നികുതി ഇളവ് നൽകുന്നതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല | 1-10 |
| 13 | ലൈസൻസ് അനുവദിക്കുന്നതിൽ അപാകങ്ങൾ | 1-11 |
| 14 | ലൈസൻസ് കാലയളവിൽ പ്രാബല്യത്തിലുള്ള വാടകക്കരാർ ലഭ്യമല്ല. | 1-11-1 |
| 15 | വാടകക്കരാറിന്റെ അഭാവത്തിൽ ലൈസൻസ് അനുവദിച്ചു | 1-11-2 |
| 16 | ലൈസൻസ് പുതുക്കി നൽകിയിട്ടില്ല | 1-11-3 |
| 17 | ലൈസൻസ് ഫീസ് കുറവ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. | 1-11-4 |
| 18 | വളർത്തു നായകൾക്ക് ലൈസൻസ് എടുക്കുന്നതിൽ അപാകത | 1-11-5 |
| 19 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-11-6 |
| 20 | കെട്ടിട നിർമ്മാണ പെർമിറ്റ് സംബന്ധിച്ച അപാകതകൾ | 1-12 |
| 21 | വാടക - അപാകങ്ങൾ | 1-13 |
| 22 | തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ | 1-14 |
| 23 | തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കിയിട്ടില്ല | 1-14-1 |
| 24 | വളരെ ചെറിയ തുക ജീവനക്കാരുടെ അടിസ്ഥാന ശമ്പളമായി രേഖപ്പെടുത്തിയിരിക്കുന്നു | 1-14-2 |
| 25 | സ്ഥാപനങ്ങൾ രണ്ടാം പാദ നികുതി ഒടുക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-14-3 |
| 26 | സഹകരണ ബാങ്കിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-14-4 |
| 27 | റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ് | 1-14-5 |
| 28 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-14-6 |
| 29 | തൊഴിൽ നികുതി രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തൽ നടത്തി കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-14-7 |

| | | |
|---|---|---|
| 30 | കൃഷിയുമായി ബന്ധപ്പെട്ട പദ്ധതികൾ കൃത്യമായ മോണിറ്ററിംഗിന് വിധേയമാക്കുന്നില്ല | 1-15 |
| 31 | പി.എച്ച്.സി.യിലേക്ക് ഫോട്ടോകോപ്പിയർ വാങ്ങൽ-ക്വട്ടേഷൻ വിവരങ്ങൾ ലഭ്യമല്ല. | 1-16 |
| 32 | പഞ്ചായത്ത് തലത്തിൽ ആരോഗ്യബോധവൽകരണ പരിപാടി-മാർഗരേഖ നിർദ്ദേശം പാലിക്കാതെ പ്രോജക്ട് നടപ്പിലാക്കി. | 1-17 |
| 33 | പി.എച്ച്.സിയിലേക്ക് പ്രിന്റർ, ലാപ്ടോപ്പ് എന്നിവ വാങ്ങൽ-പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ | 1-18 |
| 34 | ലൈഫ് ഭവന പദ്ധതി എസ്.സി.പി.-പൊതു അപാകതകൾ | 1-19 |
| 35 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-20 |
| 36 | തെരുവ് വിളക്ക് സ്ഥാപിക്കൽ/പരിപാലനം-പൊതു അപാകങ്ങൾ | 1-21 |
| 37 | LED തെരുവ് വിളക്ക് സ്ഥാപിക്കൽ-പദ്ധതി നിർവ്വഹണത്തിലെ പാളിച്ചകൾ | 1-22 |
| 38 | തെരുവ് വിളക്ക് സ്ഥാപിക്കൽ എന്ന പ്രോജക്ട് പ്രകാരം തൻവർഷം സ്ഥാപിച്ച വിളക്കുകൾക്ക് , തെരുവ് വിളക്ക് പരിപാലന പ്രോജക്ട് പ്രകാരം അതേ വർഷം അറ്റകുറ്റ പണികൾക്ക് പണം ചെലവഴിച്ചു. 7800/- രൂപ നിരാകരിക്കുന്നു. | 1-23 |
| 39 | ടെണ്ടർ നടപടികൾ സ്വീകരിക്കാതെ തെരുവ് വിളക്ക് സ്ഥാപിക്കാൻ കരാർ നൽകി. | 1-24 |
| 40 | കോവിഡ് പ്രതിരോധ ചെലവുകൾ-വരവ് ചെലവ് കണക്കുകൾ, ചെലവ് രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല - 647123/-രൂപ തടസ്സപ്പെടുത്തുന്നു. | 1-25 |
| 41 | HDD കേബിൾ സ്ഥാപിക്കുന്നതിന് JIO Digital Fibre Pvt Ltd എന്ന കമ്പനിയ്ക്ക് അനുമതി നൽകുന്നത് സംബന്ധിച്ച്. | 1-26 |
| 42 | പെരുങ്കുഴി ഗവ.എൽ.പി.എസിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിച്ചത് സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കിയില്ല | 1-27 |
| 43 | വിതരണം ചെയ്യാതെ അവശേഷിച്ച ലാപ്ടോപിനെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-28 |
| 44 | ARTCO യ്ക്ക് നൽകിയ ബില്ലിൽ നിന്നും GST TDS ആയി ഈടാക്കി ഒടുക്കിയ തുക കുറവ് ചെയ്തില്ല. 4424/- രൂപ ചെലവ് നിരാകരിക്കുന്നു. | 1-29 |
| 45 | നെയിം ബോർഡ് സ്ഥാപിച്ചിട്ടില്ല - ചെലവ് തുക 2524/- രൂപ നിരാകരിക്കുന്നു. | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | തെരുവ് വിളക്ക് സ്ഥാപിക്കൽ എന്ന പ്രോജക്ട് പ്രകാരം തൻവർഷം സ്ഥാപിച്ച വിളക്കുകൾക്ക് , തെരുവ് വിളക്ക് പരിപാലന പ്രോജക്ട് പ്രകാരം അതേ വർഷം അറ്റകുറ്റ പണികൾക്ക് പണം ചെലവഴിച്ചു. 7800/- രൂപ നിരാകരിക്കുന്നു. | 3-1 |
| 2 | ARTCO യ്ക്ക് നൽകിയ ബില്ലിൽ നിന്നും GST TDS ആയി ഈടാക്കി ഒടുക്കിയ തുക കുറവ് ചെയ്തില്ല. 4424/- രൂപ ചെലവ് നിരാകരിക്കുന്നു. | 3-2 |
| 3 | നെയിം ബോർഡ് സ്ഥാപിച്ചിട്ടില്ല - ചെലവ് തുക 2524/- രൂപ നിരാകരിക്കുന്നു. | 3-3 |

| ഭാഗം **4** | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്. | 4-4 |
| 5 | ഓഡിറ്റ് റിക്കവറി | 4-6 |
| 6 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 7 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/ സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ബജറ്റ് 19.02.2021 ലെ 1/1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു.

1-1-1ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 180025 |
| വരവ് | 376188323 |
| ആകെ | 376368348 |
| ചെലവ് | 374659109 |
| നീക്കിയിരിപ്പ് | 1709239 |

ബജറ്റ് നിയന്ത്രണത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവരുടെ ചുമതല വളരെ പ്രധാനപ്പെട്ടതാണ്. സ്ഥാപനത്തിന്റെ സാമ്പത്തിക അച്ചടക്കത്തിന്റെ ആണിക്കല്ലായ ബജറ്റിൽ എല്ലാ വരവ്-ചെലവിനങ്ങളും ഉൾപ്പെട്ടുവെന്നും ലഭ്യമാകാനുള്ള എല്ലാ തുകകളും ലഭ്യമായെന്നും ഉറപ്പാക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. അലോട്ട്മെന്റുകൾ നൽകുമ്പോൾ ആയത് ബജറ്റിന് അനുസൃതമാണെന്ന് അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പാക്കേണ്ടതാണ്.

1-1-2 ഘടക സ്ഥാപനങ്ങൾ കരട് പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

സെക്രട്ടറി ബജറ്റ് രൂപീകരണത്തിന് മുന്നോടിയായി നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ഘടക സ്ഥാപനങ്ങളിൽ നിന്നും ആവശ്യപ്പെടണം.നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കേണ്ടതാണ്.എന്നാൽ ബജറ്റ് പ്രൊപ്പോസൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.ആയതിനാൽ എല്ലാ ഘടക സ്ഥാപനങ്ങളുടെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമാകുന്നു.

1-1-3.ബഡ്ജറ്റ് രൂപീകരണം സംബന്ധിച്ച്

വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെ മിനിട്ടിസ് പരിശോധിച്ചതിൽ ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ യോഗം ചേർന്നതിന്റെ രേഖകൾ ലഭ്യമായില്ല. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. നിയമം അനുശാസിക്കും വിധം സമയ പരിധിയ്ക്കുള്ളിൽ ബഡ്ജറ്റ് നടപടിക്രമങ്ങൾ പാലിക്കുന്നതിനും, ബന്ധപ്പെട്ട ഫയൽ കൃത്യതയോടെ തയ്യാറാക്കി സൂക്ഷിക്കുന്നതിനും, മേൽ അപാകതകൾ പരിഹരിക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-1-4.പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല .

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

ബജറ്റുമായി ബന്ധപ്പെട്ട ഫയലിൽ പ്രസ്തുത രേഖകൾ ഉൾപ്പെട്ടിട്ടില്ല.

1-1-5.ബജറ്റ് അവലോകനം സംബന്ധിച്ച്

*പ്രതിമാസ അവലോകനം

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ

സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് (മേൽ മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ്. [ബജറ്റ് മാന്വൽ ഖണ്ഡിക 4-4].

*വാർഷിക അവലോകനം

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. എന്നാൽ ഇത്തരത്തിൽ അവലോകനങ്ങൾ നടത്തിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 13.06.2022 |

1-2-1.വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ .

1.ഡെപ്പോസിറ്റുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു.

2020-21ലെ ബാലൻസ് ഷീറ്റിൽ നിലനിന്നിരുന്ന ചുവടെ പറയുന്ന ഡെപ്പോസിറ്റുകൾ നാളിതുവരെയും ക്രമീകരിച്ചിട്ടില്ല.

| ഹെഡ് | ഇനം | തുക |
|---|---|---|
| 340100203 | Bidders Security Deposit | 15000 |
| 340200105 | Library Deposit | 818 |
| 3400200103 | Water Deposit | 3000 |

ടി ഡെപ്പോസിറ്റുകൾ നാളിതുവരെയും ക്രമീകരിച്ചിട്ടില്ല. ആയത് ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതBidders EMD ഇനത്തിൽ 2020-21 ലെ ബാലൻസ് ഷീറ്റ് പ്രകാരം 73043 രൂപ നല്കാനുണ്ടായിരുന്നു. വാർഷിക ധനകാര്യ പത്രിക പ്രകാരം ഈയിനത്തിൽ തൻവർഷം 23450/-രൂപ വരവും 15350/-രൂപ ചെലവും ഉണ്ട്.എന്നാൽ ഇനി ക്രമീകരിക്കാനുള്ള തുകയായി ഉൾപ്പെടുത്തിയിരിക്കുന്നത് 62760/-രൂപയാണ്.ഈ വിവരങ്ങൾ പരസ്പരം പൊരുത്തപ്പെടുന്നില്ല.ടി ഡെപ്പോസിറ്റ് കണ്ടുകെട്ടിയിട്ടുണ്ടെങ്കിലോ മറ്റേതെങ്കിലും രീതിയിൽ ക്രമീകരിച്ചിട്ടുണ്ടെങ്കിലോ മറുപടി ലഭ്യമാക്കേണ്ടതാണ്.സ്ഥാപനം ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2.DCB-തൊഴിൽ നികുതി

തൊഴിൽ നികുതി-ജീവനക്കാർ ആകെ ഡിമാന്റ് ചെയ്തിരിക്കുന്ന തുക 551870/- ആണ്.515620/-രൂപ രസിത് &പേയ്മെന്റ് അക്കൗണ്ടിൽ വരവുണ്ട്.കൂടാതെ 35000/-രൂപ പഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽനികുതിയിനത്തിൽ വരവുണ്ട്.ബാലൻസ് തുക 1250/-സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3. DCB-അരിയർ കളക്ഷൻ.

2020-21 വാർഷിക ധനകാര്യപത്രിക പ്രകാരം തനത് ഇനങ്ങൾക്ക് അരിയർ ഡിമാന്റ് ഇല്ല.എന്നാൽ വസ്തുനികുതി ഗാർഹികം ഇനത്തിൽ 24483/-രൂപയും വസ്തുനികുതി ഗാർഹികേതരം ഇനത്തിൽ 4209/-രൂപയും തൊഴിൽ നികുതി-ട്രേഡേഴ്സ് ഇനത്തിൽ 5000/-രൂപയും വരവ് കാണുന്നു.ശരിയായ രീതിയിൽ ഡിമാന്റ് നിർണയിക്കുന്നതിൽ വീഴ്ചവന്നിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു.

4.റവന്യൂ വരവ് കമ്മിയായി നിൽക്കുന്നു.

ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം ആകെ റവന്യൂ വരുമാനം 273181792/-രൂപയും ആകെ റവന്യൂ ചെലവ് 277323547/-രൂപയും ആണ്. ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ട് തൻവർഷം 4141755/-രൂപ റവന്യൂ കമ്മിയായി നിൽക്കുന്നു.

5.MGNREGS-പൊരുത്തക്കേട്.

എം.ജി.എം.എൻ.ആർ.ജി.എസ്സ്.വാർഷിക ധനകാര്യപത്രിക പ്രകാരം മുന്നിരിപ്പ് 768179/-രൂപയാണ്.എന്നാൽ അഡ്മിൻ ക്യാഷ് ബുക്ക് പ്രകാരം മുന്നിരിപ്പ് 771179.82 രൂപയാണ്.വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

6. കേന്ദ്ര ധനകാര്യകമ്മിഷൻ ഗ്രാന്റ് അക്കൗണ്ട് ചെയ്യുന്നതിൽ പൊരുത്തക്കേട്.

| ഗ്രാന്റ് | വരവ് രസീത്&പേയ്മെന്റ് പത്രിക പ്രകാരം | ചെലവ് എ.സി.ആർ.പ്രകാരം | നീക്കിയിരിപ്പ് ബാലൻസ്ഷീറ്റ് പ്രകാരം. | റിമാർക്ക്സ്. |
|---|---|---|---|---|
| CFC-Tied | 8339268 | 5367726 | 4398000 | ഇവ പരസ്പരം പൊരുത്തപ്പെടുന്നില്ല. |
| CFC-Untied | 4282339 | 4173104 | 109235 | ഇവ പരസ്പരം പൊരുത്തപ്പെടുന്നില്ല. |

*ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 4 പ്രകാരം ഈ ഫണ്ടുകളിലെ ആകെ നീക്കിയിരിപ്പ് 4507235/-രൂപയാണ്.എന്നാൽ പ്രസ്തുത അക്കൗണ്ടിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 17 പ്രകാരം 2767079/-രൂപ മാത്രമെ നീക്കിയിരിപ്പുള്ളൂ.

*CFC ഗ്രാന്റ് ഇനത്തിൽ മുൻവർഷം 2138946/-രൂപ നീക്കിയിരിപ്പ് ഉണ്ടായിരുന്നു.തൻവർഷം ഈ ഇനത്തിൽ 1668143/-രൂപ ചെലവ് കാണിച്ചിരിക്കുന്നു.ശേഷിക്കുന്ന തുക 470803/-രൂപ ഏത് അക്കൗണ്ടിലാണ് നിലവിൽ സൂക്ഷിക്കുന്നതെന്ന് വ്യക്തമല്ല.വിവരം അറിയിക്കേണ്ടതാണ്.

*ഗുണഭോക്തൃ വിഹിതം ഇനത്തിൽ 27855/-രൂപ നീക്കിയിരിപ്പ് ഉണ്ടായിരുന്നു.തൻവർഷം 425300/-രൂപ വരവും ചെലവുമുണ്ട്.എന്നാൽ തൻവർഷ നീക്കിയിരിപ്പ് 4525/-മാത്രമാണ്.ഇവ പൊരുത്തപ്പെടുന്നില്ല.

7 ഡിപ്രീസിയേഷൻ

ആസ്തികൾക്ക് തൻവർഷം ഡിപ്രീസിയേഷൻ നടത്തി I-17 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. മുൻവർഷ ഡിപ്രീസിയേഷൻ മൂല്യം തന്നെയാണ് തൻവർഷവും ഉൾപ്പെടുത്തിയിരിക്കുന്നത്.കൂടാതെ ഡിപ്രീസിയേഷൻ മൂല്യം കണക്കാക്കി ഇൻകം &എക്സ്പെൻഡീച്ചർ പത്രികയിൽ ചെലവ് ഭാഗത്ത് ചേർത്തിട്ടുമില്ല.

8.ബാധ്യതാ തുകകൾ സംബന്ധിച്ച്.

ബാലൻസ് ഷീറ്റ് പത്രിക ഷെഡ്യൂൾ 4 പ്രകാരം ഗ്രാമപഞ്ചായത്തിന് വിവിധ ഗ്രാന്റിനങ്ങളിൽ തൻവർഷം 11950959/-രൂപയുടെ ബാധ്യത കാണുന്നു.എന്നാൽ ബാലൻസ് ഷീറ്റ് പത്രിക ഷെഡ്യൂൾ 17 പ്രകാരം തനത് ഫണ്ട് ഉൾപ്പെടെ ആകെ 11941861 രൂപ മാത്രമെ വിവിധ അക്കൗണ്ടുകളിൽ ബാക്കിയുള്ളൂ.വ്യത്യാസം വിശദീകരക്കേണ്ടതാണ്.

9.Rent From Building.

ഈയിനത്തിലെ തൻവർഷ ഡിമാന്റ് 175773/-ആണ്.മുൻവർഷം അഡ്വാൻസ് ഇനത്തിൽ 138222/-രൂപയും തൻവർഷ കളക്ഷനായി 34561/-രൂപയും ഉൾപ്പെടെ ആകെ 172783/-രൂപ ലഭിച്ചിട്ടുണ്ട്.ബാലൻസ് തുക 2990/-സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

10.Advance.

അഡ്വാൻസ് (Balance Sheet-B18) സംബന്ധിച്ച് ചുവടെ സൂചിപ്പിക്കുന്ന പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

| ഇനം | മുന്നിരിപ്പ് | തൻവർഷം നൽകിയ തുക | തിരികെ ലഭിച്ച തുക | ഇനി ക്രമീകരിക്കാനുള്ള തുക | പരാമർശം |
|---|---|---|---|---|---|
| Festival Advance | 12000 | - | - | 18000 | തുക ഇതുവരെ ക്രമീകരിച്ചിട്ടില്ല.ക്രമീകരിക്കാനുള്ള തുക യിൽ വ്യത്യാസം കാണുന്നു.(ട്രയൽ ബാലൻസ് പ്രകാരം ട്രാൻസാക്ഷൻ ഉണ്ട്. എന്നാൽ റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.) |
| Temporary Advance For Official Purposes | 16800 | - | - | 16800 | തുക ഇതുവരെ ക്രമീകരിച്ചിട്ടില്ല. |
| Other Advances | 14430 | - | - | 14430 | തുക ഇതുവരെ ക്രമീകരിച്ചിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| Advance To Others | 1167355 | 526255 | 857059 | 1097791 | ക്രമീകരിക്കാനുള്ള തുക യിൽ വ്യത്യാസം കാണുന്നു. (ട്രയൽ ബാലൻസ് പ്രകാരം ട്രാൻസാക്ഷൻ ഉണ്ട്. എന്നാൽ റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.) |

അഡ്വാൻസ് രജിസ്റ്റർ സ്ഥാപനത്തിൽ പരിപാലിക്കുന്നില്ല.

11.Maintenance Grant.

മെയിന്റനൻസ് ഗ്രാന്റ്-റവന്യൂ ചെലവിനായി മാറ്റിയിരിക്കുന്ന തുക 10815419/-ആണ്.എന്നാൽ ആകെ ചെലവ് (I-14e) 10727499/- ആണ്.87920/-രൂപയുടെ വ്യത്യാസം കാണുന്നു.

12.Prior Period Items.

Other Incomes (280200401) ഇനത്തിൽ 9337/-രൂപ ഡിമാന്റിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു.കൂടാതെ Revenue Grant&Contribution ഇനത്തിൽ 1668143/-രൂപ ഉൾപ്പെടുത്തിയതായി കാണുന്നു.ഇവ സംബന്ധിച്ച് കൂടുതൽ വിശദീകരണം ,ഭരണ സമിതി തീരുമാനം എന്നിവ ലഭ്യമാക്കേണ്ടതാണ്.

വാർഷിക ധനകാര്യപത്രികയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ഓഡിറ്റ് അന്വേഷണം നം 9,10,11,12,13 എന്നിവ പ്രകാരം സെക്രട്ടറിയെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 11631775 | 11631775 | 15748000 | (-)4116225 |
| വികസനഫണ്ട് എസ്.സി.പി. | 0 | 13889647 | 13889647 | 13468529 | 421118 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 7472841 | 7472841 | 6480347 | 992494 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 0 | 8163316 | 8163316 | 5201243 | 2962073 |
| ധനകാര്യകമ്മിഷൻ ഗ്രാന്റ്-Tied | 0 | 12351000 | 12351000 | 5367726 | 6983274 |
| ധനകാര്യകമ്മിഷൻ ഗ്രാന്റ്-Un-Tied | 0 | 5272297 | 5272297 | 4173104 | 1099193 |
| CSS ഗ്രാന്റ് | - | - | - | 1899583 | (-)1899583 |
| SSS ഗ്രാന്റ് | - | - | - | 5140000 | (-)5140000 |

കേന്ദ്ര,സംസ്ഥാനാവിഷ്കൃതഫണ്ടുകളുടെ മുന്നിരിപ്പ് വിവരങ്ങൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. വിവിധ ഗ്രാന്റ് തുകകളുടെ വിനിയോഗ ശേഷമുള്ള നീക്കിയിരിപ്പിൽ ക്യാരി ഓവർ തുക ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വരും വർഷങ്ങളിൽ തുക ലാപ്സാകാതെ ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-3-1.മറ്റ് ഗ്രാന്റുകൾ

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ. ആർ.ജി.എസ് | 768179 | 852856 | 1621035 | 1613717 | 7318 |
| ടി.എസ്.സി | 2255581 | 180000 | 2435581 | 180000 | 2255581 |
| ഐ.സി.ഡി.എസ് | 1261580 | 872338 | 2133918 | 956280 | 1177638 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 80920 | 1980460 | 2061380 | 2060460 | 920 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 43200 | 2501500 | 2544700 | 2501500 | 43200 |

1-3-2.എ.സി.ആർ പ്രകാരവും ഗ്രാന്റ് വിനിയോഗ പത്രിക പ്രകാരവുമുള്ള ഗ്രാന്റുകളുടെ വിവരം

പദ്ധതി ചെലവുകൾ എ.സി.ആർ പ്രകാരവും ഗ്രാന്റ് വിനിയോഗ പത്രിക പ്രകാരവും ഉള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | ACR/AFS | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസന | ACR | 11631775 | 11630346 | 1429 |

| | | | | |
|---|---|---|---|---|
| ഫണ്ട്-ജനറൽ | GUS | 11631775 | 15748000 | 4116225 |
| വികസന ഫണ്ട്-എസ്.സി.പി | ACR | 13889647 | 12281850 | 1607797 |
| | GUS | 13889647 | 13468529 | 421118 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | ACR | 7472841 | 6480347 | 992494 |
| | GUS | 7472841 | 6480347 | 992494 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺറോഡ് | ACR | 8163316 | 5222059 | 2941257 |
| | GUS | 8163316 | 5201243 | 2962073 |

1-3-3ബാധ്യതാ ഗ്രാന്റ് തുകകൾ തൻവർഷവും ചെലവഴിച്ചിട്ടില്ല.

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ മുൻവർഷ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 4ൽ ബാധ്യതയായി നിലനിന്നിരുന്ന തുകകൾ തൻവർഷവും അതേപടി ബാധ്യതയായി നിൽക്കുന്നു.

| ഹെഡ് | ഇനം | തുക |
|---|---|---|
| 320100115 | Total Sanitation Campaign | 2255581 |
| 320200321 | Nabard Assistance | 19976 |
| 320700205 | Dist Panchayat Share -Revenue Expenditure | 43200 |
| 320900101 | Nirmal Puraskar | 22947 |

ഈ തുകകകൾ ചെലവഴിക്കുവാനോ ലഭ്യമാക്കിയ അതത് ഏജൻസികൾക്ക് തിരികെ നൽകുവാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ബാധ്യതാ ഗ്രാന്റുകൾ ക്രമീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

അഴൂർ ഗ്രാമ പഞ്ചായത്തിന്റെ സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 സാമ്പത്തിക വർഷത്തെ പദ്ധതികളുടെ ആകെ അടങ്കൽതുക 137565134 രൂപയും ചെലവ് 67853144 രൂപയുമാണ്. അതായത് ആകെ പദ്ധതിച്ചെലവിന്റെ 49.3% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് .

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | | തുക | | |
|---|---|---|---|---|---|---|---|---|
| | | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | നടപ്പാക്കൽ ശതമാനം | അടങ്കൽ | ചെലവ് | ശതമാനം |
| I | കൃഷി ഓഫീസർ | 6 | 6 | 0 | 100 | 1602755 | 1258360 | 78.51 |
| Ii | വെറ്റിനറി സർജൻ | 15 | 12 | 3 | 80 | 8676225 | 3764016 | 43.38 |
| Iii | മെഡിക്കൽ ഓഫീസർ - PHC | 11 | 11 | 0 | 100 | 4466000 | 3183079 | 71.27 |
| Iv | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 1 | 0 | 100 | 300000 | 300000 | 100 |
| V | മെഡിക്കൽ ഓഫീസർ- ആയുർവ്വേദം | 1 | 1 | 0 | 100 | 700000 | 700000 | 100 |
| Vi | സബ് ഇൻസ്പക്ടർ ഓഫ് ഫിഷറീസ് | 2 | 1 | 1 | 50 | 555300 | 63120 | 11.37 |
| Vii | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/ ലേഡി വില്ലേജ് | 15 | 14 | 1 | 93.33 | 49591362 | 15344525 | 30.94 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | എക്സ്റ്റൻഷൻ ഓഫീസർ | | | | | | | |
| Viii | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 10 | 10 | 0 | 100 | 6666200 | 6176908 | 92.66 |
| Ix | സെക്രട്ടറി | 31 | 26 | 5 | 83.87 | 14287611 | 11718033 | 82.02 |
| X | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 12 | 6 | 6 | 50 | 11350520 | 5265422 | 46.39 |
| Xi | എച്ച്.എം. | 3 | 2 | 1 | 66.67 | 1920324 | 1042614 | 54.29 |
| Xii | അസിസ്റ്റന്റ് എഞ്ചിനീയർ | 54 | 38 | 16 | 70.37 | 32757351 | 16261741 | 49.64 |
| Xiii | ഡയറിഫാം ഇൻസ്ട്രക്ടർ | 1 | 1 | 0 | 100 | 1600000 | 1600000 | 100 |
| Xiv | അസിസ്റ്റന്റ് സെക്രട്ടറി | 10 | 9 | 1 | 90 | 3091486 | 1175326 | 38.02 |
| ആകെ | | 172 | 138 | 34 | 80.23 | 137565134 | 67853144 | 49.32 |

അനുമതി ലഭിച്ച ആകെ 172 പദ്ധതികളിൽ 34 എണ്ണം നടപ്പിലാക്കിയിട്ടില്ല. സബ് ഇൻസ്പക്ടർ ഓഫ് ഫിഷറീസ് പദ്ധതി തുകയുടെ 11.37 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. വെറ്ററിനറി സർജൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് സെക്രട്ടറി എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളിൽ ചെലവ് 50 ശതമാനത്തിൽ താഴെയാണ്. തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ഭരണ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രദേശങ്ങളിൽ വികസനം ലഭ്യമാകുന്ന രീതിയിൽ ദീർഘ , ഹ്രസ്വ കാലയളവിൽ പദ്ധതികൾ തയ്യാറാക്കി കൃത്യമായ ആസൂത്രണത്തോടും കാര്യക്ഷമതയോടും കൂടി പദ്ധതികൾ നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-5 ക്ഷേമപദ്ധതികൾ

2021-22 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു .

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 911200 | 59 |
| വിധവാപെൻഷൻ | 27757900 | 1799 |
| വാർദ്ധക്യകാലപെൻഷൻ | 49202400 | 3381 |
| വികലാംഗപെൻഷൻ | 7075800 | 454 |
| വിവാഹധനസഹായം | 360000 | 12 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 509000 | 35 |
| തൊഴിൽരഹിത വേതനം | 178320 | 157 |

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും നൽകി

പരിശോധനയ്ക്ക് ഹാജരാക്കിയ 2021-22 മരണറിപ്പോർട്ടിലെ എൺപതോളം അപേക്ഷകളിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പേര് | ആധാർ നമ്പർ | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|
| 1 | Kochappi | 238892230203 | 102400200830 | ഇന്ദിരാ | 29.04.2021 | ആക്റ്റീവ് | 05/21-11/22 | 30400 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | | | | |
| 2 | AISHA BEEVI | 396194254374 | 102400600108 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 09.02.2021 | ആക്റ്റീവ് | 03.21-11/22 | 33600 |
| 3 | KhadeejaUmmal | 481380011018 | 102400200790 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 22.06.2021 | സസ്പെൻഡ് | 07/21-01/22 | 11200 |
| 4 | Muhammed Basheer | 972597945531 | 102400202271 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 28.06.2021 | സസ്പെൻഡ് | 07/21-02/22 | 12800 |
| 5 | JAGADAMMA B. | 511934212904 | 102400600144 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 19.03.2021 | ആക്റ്റീവ് | 04/21-11/22 | 32000 |
| 6 | SARASAMMA | 624635158328 | 102400200530 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 01.06.2021 | ആക്റ്റീവ് | 07/21-11/22 | 27200 |
| 7. | Prasanna | 293396915311 | 102400202051 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 26.05.2021 | സസ്പെൻഡ് | 06/21-09/21 | 6400 |
| 8. | Sajayakumar | 423255274515 | 102400400222 | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം -ശാരീരികം | 15.04.2021 | ആക്റ്റീവ് | 05/21-11/22 | 30400 |
| 9. | SARASAMMA K. | 346914199220 | 102400200477 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 22.02.2021 | ആക്റ്റീവ് | 03/21-11/22 | 33600 |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2021-22 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ

സാധിച്ചിട്ടില്ല. അഴൂർ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.30ന് മറുപടി ലഭ്യമാക്കിയില്ല. അഴൂർ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ട, എന്നാൽ മറ്റ തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതാണ്. തുടർന്നുള്ള മരണറിപ്പോർട്ടുകൾ കൂടി പരിശോധിച്ച് ഇത്തരത്തിലുള്ള അപാകങ്ങൾ ഉണ്ടെങ്കിൽ പരിഹരിക്കേണ്ടതാണ്. മേൽപട്ടികയിൽ പ്രസ്താവിച്ചതുൾപ്പടെ അധികമായി അനുവദിച്ചിട്ടുള്ള പെൻഷൻ തുക ഈടാക്കി സർക്കാരിലേക്ക് ഒടുക്കി അറിയിക്കേണ്ടതാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.02.2023, 12.15 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7885രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം.

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം മെച്ചപ്പെടേണ്ടതുണ്ട്. സെക്രട്ടറി ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ജീവനക്കാർക്ക് ജോലി വിഭജിച്ച നൽകിയിട്ടുണ്ട്. വൌച്ചറുകളും, ബന്ധപ്പെട്ട രജിസ്റ്ററുകളും,രേഖകളും പരിശോധിച്ച് പ്രതിമാസ കണക്കുകളിൽ ഉൾക്കൊള്ളിച്ച ചെലവുകൾ ബജറ്റിൽ അധികരിച്ചിട്ടില്ലെന്നും മിതവും കാര്യക്ഷമവുമാണെന്ന് ഉറപ്പുവരുത്തുന്നതിൽ വീഴ്ചയുണ്ട്. പഞ്ചായത്തിലെ അക്കൌണ്ടിംഗ് സമ്പ്രദായം കുറ്റമറ്റതാകേണ്ടതുണ്ട്. ചെലവുകൾക്ക് വൌച്ചറുകളും, സബ് വൌച്ചറുകളും സൂക്ഷിക്കുന്നതിൽ അപാകമുണ്ട്. വസ്തുനികുതി ,തൊഴിൽ നികുതി ഇനങ്ങളിലും മറ്റ് തനത് ഇനങ്ങളിലും 100% കളക്ഷനാണ് പഞ്ചായത്തിനുള്ളത്.വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നവെന്ന് ഉറപ്പ് വരുത്തുന്നതിന് മതിയായ സംവിധാനം ഉണ്ടാകേണ്ടതാണ്.

മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച അളവ് പുസ്തകവും ഫയലുകളും സൂക്ഷിക്കുന്നുവെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല. ഓഫീസ് വാഹനത്തിന്റെ പരിപാലനവും, രജിസ്റ്ററുകൾ രേഖകൾ എന്നിവയുടെ സൂക്ഷിപ്പും മെച്ചപ്പെടേണ്ടതുണ്ട്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. ഭരണപരമായ നയങ്ങളുടെ പരിപാലനം നടപടിക്രമങ്ങൾ ,കടമകൾ എന്നിവ നിറവേറ്റുന്നതിൽ പഞ്ചായത്ത് ഏറെക്കുറെ തൃപ്തികരമായ പ്രവർത്തനം നടത്തിയിട്ടുണ്ട്. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് കൂടുതൽ ജനകീയമാക്കേണ്ടതുണ്ട്. ധനകാര്യ ഇടപെടലുകളുടെ കൃത്യത, പൂർണത, നിയമസാധുത എന്നിവ ഉറപ്പാക്കാൻ ഗ്രാമപഞ്ചായത്ത് ഇനിയും മുന്നോട്ട് പോകേണ്ടതുണ്ടെന്ന് വിലയിരുത്തുന്നു. ഭരണ-ഉദ്യോഗസ്ഥ തലത്തിലെ ഏകോപനം കൂടുതൽ മെച്ചപ്പെടുത്തി ഭരണം ചലനാത്മകമാക്കേണ്ടതുണ്ട്. .

ജനാധിപത്യ സംവിധാനത്തിൽ ഭരണസ്ഥാപനങ്ങളിൽ നിന്നും പൗരന് ലഭിക്കേണ്ട അവകാശങ്ങളെ കുറിച്ചും അവയുടെ നിർവഹണത്തെക്കുറിച്ചും ഉറപ്പ് വരുത്തുവാൻ ഉത്തരവാദിത്വമുള്ള സെക്രട്ടറിയും സേവനമേഖലയിലെ വർക്കിംഗ് ഗ്രൂപ്പിന്റെ മേൽനോട്ട ചുമതലയുള്ള വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും അർപ്പിതമായ ഉത്തരവാദിത്തം നിറവേറ്റി കാണുന്നില്ല..

പൊതുജനങ്ങൾക്കും, ജീവനക്കാർക്കും ഏർപ്പെടുത്തിയിട്ടുള്ള സൌകര്യങ്ങൾ, വിവര വ്യൂഹത്തിന്റെ പൂർണമാക്കൽ, പരിഷ്കരണം എന്നിവ നിരീക്ഷിയ്ക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. അത് ഉറപ്പ് വരുത്താൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിയ്ക്കേണ്ടതുണ്ട്.

## 1-8 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 768179 | 852856 | 1621035 | 1613717 | 7318 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 106166968 | 106166968 | 106166968 | 0 |
| ആകെ | 768179 | 107019824 | 107788003 | 107780685 | 7318 |

### 1-8-1 പൊതു അവലോകനം

അവിദഗ്ധമേഖലയിൽ തൊഴിൽ ഉറപ്പ് വരുത്തിക്കൊണ്ട് ഗ്രാമീണ കുടുംബങ്ങളുടെ ഉപജീവനവും സുരക്ഷിതത്ത്വവും ഉറപ്പ് വരുത്തുക, സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുക എന്നിവയാണ് തൊഴിലുറപ്പ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. പഞ്ചായത്തിലെ 18 വാർഡുകളിലായി ആകെ 6460 തൊഴിലാളികൾ തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന (2021-22 സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവർ ഉൾപ്പെടെ). 2021-22 സാമ്പത്തിക വർഷം ആകെ 3677 പേർ തൊഴിൽ ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും 100 ദിവസം തൊഴിൽ ലഭിച്ച 2097 പേർ മാത്രമാണുള്ളത്. 285676 തൊഴിൽദിനങ്ങളാണ് 2021-22 കാലയളവിൽ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. 1176 പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭിച്ചുവെങ്കിലും 371 എണ്ണം മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂ. തൻ വർഷം പൂർത്തീകരിച്ച സ്പിൽ ഓവർ പദ്ധതികളുടെ

എണ്ണം 113 ആണ്. 692 പദ്ധതികൾ ഉപേക്ഷിക്കപ്പെട്ടിട്ടുണ്ട് . ലേബർ കമ്പോണന്റ് ഇനത്തിൽ 84274263 രൂപയും മെറ്റീരിയൽ കമ്പോണന്റ് ഇനത്തിൽ 21892705 രൂപയും ചെലവായി. (വിവരങ്ങൾ ഓഡിറ്റ് എൻക്വയറി നം.29 ന് ലഭിച്ച മറുപടി പ്രകാരം)

വരും വർഷങ്ങളിൽ തൊഴിൽ കാർഡ് നേടിയ മുഴുവൻ പേർക്കും പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പ് വരുത്തുവാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്. അനുമതി ലഭിച്ച ആകെ 1176 പദ്ധതികളിൽ 32% മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. 692 പദ്ധതികൾ ഉപേക്ഷിച്ചിട്ടുമുണ്ട്. പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമായി നടപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.11.2021 മുതൽ 11.11.2021വരെ | 01.01.2021-31.07.2021 | 02.03.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3/2017 | 2011-12 മുതൽ 2015-16 വരെ | 28.08.2018 |

## 1-10 വിമുക്ത ഭടന്മാർക്ക് നികുതി ഇളവ് നൽകുന്നതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല

സ.ഉ.(കൈ) നം 106/2017/തസ്വഭവ തീ. 26-05-2017 പ്രകാരം എല്ലാ വിമുക്ത ഭടന്മാരുടെയും അവരുടെ ഭാര്യമാരുടെയും/ വിധവകളുടെയും അവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന 2000 ച. അടി വരെ വിസ്തീർണ്ണമുള്ള വീടുകളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ടി ഇളവ് ലഭ്യമാകുന്നതിന് നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന മുൻപായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ മേധാവികൾക്ക് സമർപ്പിക്കേണ്ടതാണെന്നും ഇളവിന് അർഹരായ വിമുക്തഭടന്മാർക്ക് / വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക് നികുതി സംബന്ധമായി ഒരു പ്രത്യേക രജിസ്റ്റർ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും നിർബന്ധമായും സൂക്ഷിക്കേണ്ടതാണെന്നും മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. വിമുക്ത ഭടന്മാർക്ക് നികുതി ഇളവ് നൽകുന്നതുമായി ബന്ധപ്പെട്ട് സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ, ഇളവിനർഹരായവർ സമർപ്പിച്ചിട്ടുള്ള സാക്ഷ്യപത്രം മറ്റ് രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 22/25-02-2023 ന മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. വിമുക്ത ഭടന്മാർക്ക് നികുതി ഇളവ് നൽകുന്നതുമായി ബന്ധപ്പെട്ട രജിസ്റ്റർ തയ്യാറാക്കി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം ബന്ധപ്പെട്ടവരിൽ നിന്നും വാങ്ങി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-11 ലൈസൻസ് അനുവദിക്കുന്നതിൽ അപാകങ്ങൾ

2021-22 സാമ്പത്തിക വർഷം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും ലൈസൻസ് അനുവദിച്ചതിലെ അപാകങ്ങൾ ഉപഖണ്ഡികകളായി ചേർക്കുന്നു.

### 1-11-1 ലൈസൻസ് കാലയളവിൽ പ്രാബല്യത്തിലുള്ള വാടകക്കരാർ ലഭ്യമല്ല.

2021-22 ൽ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഉള്ള ലൈസൻസ് അനുവദിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ ബന്ധപ്പെട്ട അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടുള്ള വാടകക്കരാറിന്റെ കാലാവധിയുടെ അടിസ്ഥാനത്തിൽ അനുവദിക്കേണ്ട ലൈസൻസിന്റെ കാലയളവ് ചുവടെ ചേർക്കും പ്രകാരമാണ്.

| ക്രമ നം. | വാർഡ്/കെട്ടിട നം. | ലൈസൻസിയുടെ പേര് | വ്യാപാര സ്ഥാപനം | വാടക കരാർ പ്രകാരം ലൈസൻസിന് അർഹമായ കാലയളവ് |
|---|---|---|---|---|
| 1 | 3/160A | Gopika R | Makayiram Stores | May 2021 |
| 2 | 15/535 | B Muraleedharan | Beauty Furniture | July 2021 |

| | | | | |
|---|---|---|---|---|
| 4 | 10/418A | Suresh Kumar S | S S Traders | May 2021 |
| 5 | 15/268A | Shakkir Beevi S | Fayas Medicals | August 2021 |
| 6 | 15/587B | Santhosh Kumar K | Parppidam Furniture Mart | December 2021 |
| 7 | 7/460 | Tinku M Rajan | Butterfly Foot Wear | July 2021 |
| 8 | 7/436 | Rijas A | Atlas Jewellers | May 2021 |
| 9 | 15/30C | Haridas R | Hari Store | October 2021 |
| 10 | 2/54 | Maideen Kunju Shefeek | A T K Fashion World | August 2021 |

എന്നാൽ ഈ അപേക്ഷകർക്കെല്ലാം 2022 മാർച്ച് 31 വരെ ലൈസൻസ് കൊടുത്തിട്ടുണ്ട്. മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി 1ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് കാലയളവിൽ പ്രാബല്യത്തിലുള്ള വാടകക്കരാറിന്റെ പകർപ്പ് ഫയലിൽ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11-2 വാടകക്കരാറിന്റെ അഭാവത്തിൽ ലൈസൻസ് അനുവദിച്ചു

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് വാടകക്കരാറിന്റെ അഭാവത്തിൽ ലൈസൻസ് അനുവദിച്ചു. ഉദാഹരണം

| ക്രമ നം. | വാർഡ്/കെട്ടിട നം. | ലൈസൻസിയുടെ പേര് | വ്യാപാര സ്ഥാപനം | ലൈസൻസ് കാലയളവ് |
|---|---|---|---|---|
| 1 | 15/522A | Suresh | Nadesan Flour And Oil Mill | 10.08.2021-31.03.2022 |
| 2 | 6/316, 322 | Saju Karunakaran | S K Traders | 20.07.2021-31.03.2022 |
| 4 | 15/590 | Abhijith B S | Butterfly Ladies & Kids Wear | 05.07.2021-31.03.2022 |

മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി 1ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വരും വർഷങ്ങളിൽ ലൈസൻസ് അപേക്ഷകളിൽ ആവശ്യമായ രേഖകൾ ഉണ്ടെന്നുറപ്പുവരുത്തിയ ശേഷം മാത്രം ലൈസൻസ് അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11-3 ലൈസൻസ് പുതുക്കി നൽകിയിട്ടില്ല

1 മുതൽ 4 വരെ വാർഡുകളുടെ 2020-21 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട ഏതാനും സ്ഥാപനങ്ങളെ 2021-22 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിക്കാണുന്നില്ല. എന്നാൽ ഈ സ്ഥാപനങ്ങളുടെ നിലവിലെ സ്ഥിതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നതായി മനസിലാക്കാവുന്നതാണ്. ലിസ്റ്റിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങളുടെ വിവരം ഉൾപ്പെടുത്തേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറി 1ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് ഫണ്ടിന്റെ ചോർച്ച ഒഴിവാക്കുന്നതിന് ഭരണസമിതി അടിയന്തിര ഇടപെടൽ നടത്തേണ്ടതാണ്.

## 1-11-4 ലൈസൻസ് ഫീസ് കുറവ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീസ് 300 രൂപയാക്കി നിജപ്പെടുത്തിയതിന്റെ കമ്മറ്റി തീരുമാനം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി 1ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | വാർഡ് നം/കെട്ടിട നം | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | 15/390 | Asam Beevi | Fathima Fancy |
| 2 | 5/453 | Gopalakrishnan Asari | Lekshmy Store |
| 3 | 10/64 | Noushad | Orul Salam Vegetable & Stationary |
| 4 | 10/211 | Ajish S P | Prasanna Stores |

ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ വാർഷിക ലൈസൻസ് ഫീസ് ഈടാക്കുന്നതിന്റെ പട്ടിക II പ്രകാരം വാർഷിക ലൈസൻസ് ഫീസ് 500 രൂപ വരെ ഈടാക്കാമെന്ന ക്രമത്തിലുള്ള മേൽ സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് 500 രൂപയിൽ നിന്നും 300 രൂപയാക്കി നിജപ്പെടുത്തിയതിന്റെ അടിസ്ഥാനം അറിയിക്കേണ്ടതാണ്.

## 1-11-5 വളർത്തു നായകൾക്ക് ലൈസൻസ് എടുക്കുന്നതിൽ അപാകത

1. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254 , കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. 2021-22 സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 479 വളർത്തുനായകൾ പഞ്ചായത്ത് പരിധിയിൽ ഉണ്ട്. 300 നായ്ക്കൾക്ക് ലൈസൻസ് നൽകിയതായാണ് സ്റ്റാറ്റസ് റിപ്പോർട്ടിൽ പറയുന്നത്. എന്നാൽ രജിസ്റ്റർ പ്രകാരം 23 നായ്ക്കൾക്ക് മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളത്. വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി 4ന് വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിന് 2022-23 ൽ വാക്സിനേഷൻ ക്യാമ്പ് സംഘടിപ്പിച്ചെന്നും അത്തരത്തിൽ ലൈസൻസിന്റെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമായത്.

2. AFS പ്രകാരം Licence Fees For Domestic Dogs And Pigs എന്ന ഇനത്തിൽ 260 രൂപയാണ് വരവുള്ളത്. രജിസ്റ്റർ പ്രകാരം 23 നായ്ക്കൾക്ക് മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളത്. ടി വ്യത്യാസത്തിനുള്ള കാരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി 4ന് മറുപടി ലഭ്യമായിട്ടില്ല.

## 1-11-6 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 15 ഡയറി ഫാം, 9 ഗോട്ട് ഫാം, 10 മുട്ടക്കോഴി ഫാം എന്നിവ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. ടി ഫാമുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി 4ന് ടി ഫാമുകൾക്ക് ലൈസൻസ് നൽകിയിട്ടില്ലെന്നാണ് മറുപടി ലഭ്യമാക്കിയത്.

2. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടത്തിന്റെ വാർഷിക നികുതിയായി 798 രൂപ 2021-22 വർഷം വരെ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. ടി കെട്ടിടത്തിന്റെ ഉപയോഗക്രമം ഫ്യുവൽ സ്റ്റേഷൻ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 2021-22 വർഷം പ്രസ്തുത സ്ഥാപനത്തിന് ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് നൽകിയിട്ടില്ല.

| കെട്ടിട നം | കെട്ടിട ഉടമ | ഉപയോഗ ക്രമം |
|---|---|---|
| 12/433 | പ്രീത.എസ്, ,വിളയിൽ വീട്,പ്രീയം,നാലുമുക്ക്,ശാസ്തവട്ടം | വാണിജ്യാവശ്യത്തിനുള്ളവ ഫ്യുവൽ സ്റ്റേഷൻ |

മേൽ സ്ഥാപനത്തിന് ലൈസൻസ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി 4ന് അഴൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ നിലവിൽ ഫ്യുവൽ സ്റ്റേഷൻ ഇല്ലെന്നും സഞ്ചയ സോഫ്റ്റ് വെയറിൽ സംഭവിച്ച ഈ അപാകത പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയത്.
മേൽ അപാകങ്ങൾക്കുമേൽ സ്വീകരിക്കുന്ന നടപടികൾ യഥാസമയം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 കെട്ടിട നിർമ്മാണ പെർമിറ്റ് സംബന്ധിച്ച അപാകതകൾ

1.തദ്ദേശസ്വയംഭരണ വകുപ്പിന്റെ 02.12.2015 ലെ 12900/ആർ/2015/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമ്മിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ ഉടങ്ങിയ എല്ലാ കാര്യങ്ങൾക്കും ഒറ്റ ഫയലായി കൈകാര്യം ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വ്യത്യസ്ത ഫയലുകളായാണ് പെർമിറ്റ് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതും നികുതി നിർണ്ണയം നടത്തിയിട്ടുള്ളതും.

2. 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടോ എന്ന വിശദമാക്കിയിട്ടില്ല.

3. കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതു വരെയുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിലാണ് കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിന്റെ പ്രഫോർമ. എന്നാൽ കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ, കെട്ടിടനമ്പർ നൽകിയതിന്റെ വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുമ്പോഴോ പെർമിറ്റ് പുതുക്കുമ്പോഴോ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്താത്തതിനാൽ പെർമിറ്റ് കാലാവധിക്കുള്ളിൽ കെട്ടിടം നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടോയെന്നും പെർമിറ്റ് കാലാവധി പുതുക്കുന്നുണ്ടോയെന്നും പരിശോധിക്കാൻ കഴിയുന്നില്ല. കൂടാതെ പെർമിറ്റ് ഫീ ഒടുക്കിയതിന്റെ വിവരങ്ങളും പൂർണമായി രേഖപ്പെടുത്തിയിട്ടില്ല.

4. പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2021-22 വർഷം പെർമിറ്റ് അനുവദിച്ച ചില അപേക്ഷകർ ഫീസ് ഒടുക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷ നം, അപേക്ഷ ലഭിച്ച തീയതി | അപേക്ഷകന്റെ പേര് |
|---|---|
| 1177/22, 14.3.22 | Maya Manneervilakam |
| 1145/22, 8.3.22 | Sabeela Beevi, Shires Mansil |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി 31 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വരുംവർഷങ്ങളിൽ ഇത്തരത്തിലുള്ള അപാകങ്ങൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 വാടക - അപാകങ്ങൾ

1. വാടക രജിസ്റ്റർ പരിപാലിക്കുന്നതിൽ വ്യക്തത ഇല്ല. സ്റ്റാളുകളുടെ നമ്പർ തിരിച്ച് മാസവാടക ഈടാക്കുന്ന തരത്തിലല്ല വാടക ഈടാക്കി വരുന്നത്. ഒറ്റത്തവണയായാണ് വാടക ഈടാക്കിയിരിക്കുന്നത്.

2. 5 ശതമാനം വർദ്ധിച്ച വാടകയ്ക്ക് കടമുറികളിൽ വീണ്ടും വാടകയ്ക്ക് ഇടരുന്നതിനായി 200 രൂപ മുദ്രപത്രത്തിൽ കരാർ ചമച്ച് പുതിയ വാടക തുക അടവാക്കാൻ നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച കരാറുകളൊന്നും തന്നെ പൂർണമല്ല. കരാറുകൾ എതാവശ്യത്തിനു വേണ്ടിയാണെന്ന് അറിയാൻ സാധിക്കുന്നില്ല. പേരും മേൽവിലാസവും ഒപ്പും മാത്രമാണ് മുദ്രപത്രത്തിൽ ഉള്ളത്. വാടക കരാറാണെന്നതിന് തെളിവില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ എൻക്വയറി 34 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വരുംവർഷങ്ങളിൽ വാടകക്കരാർ ചമയ്ക്കുന്നതിലും വാടകരജിസ്റ്റർ പരിപാലിക്കുന്നതിലും അതീവശ്രദ്ധ പുലർത്തേണ്ടതും പ്രസ്തുത അപാകങ്ങൾ പരിഹരിക്കേണ്ടതുമാണ്.

## 1-14 തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ

2021-22 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

### 1-14-1 തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കിയിട്ടില്ല

അഴൂർ ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ചുവടെപ്പറയുന്ന സ്ഥാപനങ്ങൾ 2021-22 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. നികുതി ഈടാക്കി പ്രസ്തുത രസീതുകൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 21/24-02-2023 ന് മറുപടി നൽകിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | രജിസ്റ്ററിലെ പേജ് നം. | നികുതി ഒടുക്കേണ്ട അർദ്ധവർഷം |
|---|---|---|---|
| 1 | MGNREGS ഓഫീസ് | 35 | 2 |
| 2 | എ. ആർ ഹോളോ ബ്രിക്സ് | 36 | 1,2 |

| | | | |
|---|---|---|---|
| 3 | ബി. എസ്. എൻ. എൽ | 38 | 1,2 |
| 4 | ആരതി ഹോളോ ബ്രിക്സ് | 39 | 1,2 |
| 5 | രാജശ്രീ ടെക്സ്റ്റൈൽസ് | 40 | 1,2 |
| 6 | നൈമാ ടെക്സ്റ്റൈൽസ് | 42 | 1,2 |
| 7 | കയർ സൊസൈറ്റി | 44 | 1,2 |
| 8 | കാർമൽ ഹോസ്പിറ്റൽ | 45 | 2 |

നികുതി പൂർണ്ണമായും ഈടാക്കി പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-14-2 വളരെ ചെറിയ തുക ജീവനക്കാരുടെ അടിസ്ഥാന ശമ്പളമായി രേഖപ്പെടുത്തിയിരിക്കുന്നു

കാർമൽ ഹോസ്പിറ്റലിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ആദ്യപാദ തൊഴിൽ നികുതിയായി 1050 രൂപ ഈടാക്കിയിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടുത്തി സ്ഥാപനം ലഭ്യമാക്കിയിട്ടുള്ള പട്ടികയിൽ വളരെ ചെറിയൊരു തുകയാണ് ജീവനക്കാർക്കുള്ള അടിസ്ഥാന ശമ്പളമായി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | ഉദ്യോഗപ്പേര് | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ശരാശരി മാസ വരുമാനം |
|---|---|---|---|---|---|
| 1 | ഡോ. രാഹുൽ ജയപ്രസാദ് | ഡോക്ടർ | 54000 | 450 | 9000 |
| 2 | ശ്രീക്കുട്ടി എസ് | നഴ്സിംഗ് സ്റ്റാഫ് | 10000 | 120 | 1667 |
| 3 | ആര്യ | ലാബ് ടെക്നീഷ്യൻ | 8000 | 120 | 1333 |
| 4 | ഹരീഷ്മ | ലാബ് ട്രയിനീ | 5000 | 120 | 833 |
| 5 | വസന്ത | ക്ലീനർ | 5000 | 120 | 833 |
| 6 | സുസ്മിത് ജയരാജ് | അഡ്മിനിസ്ട്രേറ്റർ | 10000 | 120 | 1667 |

സ്ഥാപനം നൽകിയ സ്റ്റേറ്റ്മെന്റ് പ്രകാരം ടി ജീവനക്കാരുടെ പ്രതിമാസവരുമാനം മിനിമം വേജസ് ആക്ട് പ്രകാരം ഉറപ്പാക്കിയ കുറഞ്ഞ വേതനത്തെക്കാൾ കുറവാണ്. ഇത് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയപ്പോൾ വന്ന പിശകായിരിക്കാം. കൂടാതെ ക്രമ നമ്പർ 2 മുതൽ 6 വരെയുള്ളവർ നികുതിയുടെ പരിധിയിൽ ഉൾപ്പെടുന്നുമില്ല. ഇവരിൽ നിന്നും നികുതി ഈടാക്കിയിട്ടുമുണ്ട്. ഇതുമൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാകാതിരിക്കാൻ ഇതിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. അർദ്ധ വാർഷിക വരുമാനമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ ആധികാരികത ഉറപ്പ് വരുത്തിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 21/24-02-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കൃത്യമായ മറുപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആഫീസ് മേധാവിയോ തൊഴിലുടമയോ സമർപ്പിക്കുന്ന വിവരങ്ങളുടെ കൃത്യത പരിശോധിച്ചുറപ്പ് വരുത്തി മാത്രം നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്

## 1-14-3 സ്ഥാപനങ്ങൾ രണ്ടാം പാദ നികുതി ഒടുക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്.205 എഫ് പ്രകാരം ഓരോ അർദ്ധ വർഷവും ആഗസ്റ്റ് മാസത്തിന്റെയും ഫെബ്രുവരി മാസത്തിന്റെയും അവസാനത്തിനു മുൻപ് ഓരോ ഓഫീസ് മേധാവിയും തൊഴിലുടമയും നികുതി അടയ്ക്കേണ്ടതായ എല്ലാ ജീവനക്കാരുടെയും നികുതി തിട്ടപ്പെടുത്തേണ്ടതും അവരിൽ നിന്നും തുക ഈടാക്കേണ്ടതും ആ തുക, നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും വിശദാംശങ്ങൾ , അതായത് പേര്, ഉദ്യോഗപ്പേര്, അർദ്ധവാർഷിക വരുമാനം , ഈടാക്കിയ നികുതിത്തുക എന്നിവയുടെ ഒരു ലിസ്റ്റ് സഹിതം ഗ്രാമ പഞ്ചായത്തിന് നൽകേണ്ടതാണ്. എന്നാൽ സ്ഥാപനങ്ങൾ 2021-22 സാമ്പത്തിക വർഷത്തിലെ രണ്ടാം പാദ നികുതി ഒടുക്കിയതുമായി ബന്ധപ്പെട്ട യാതൊരു വിധ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 21/24-02-2023 ന് മറുപടി നൽകുകയോ രേഖകൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. പൂർണ്ണമായ രേഖകൾ ബന്ധപ്പെട്ട ഫയലിൽ സൂക്ഷിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുകയും വരും വർഷങ്ങളിൽ പ്രസ്തുത അപാകം ആവർത്തിക്കപ്പെടാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-14-4 സഹകരണ ബാങ്കിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

അഴൂർ ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം (പേജ് നം. 28) പെരുങ്ങുഴി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും ജീവനക്കാരുടെ ആദ്യ പാദ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല . പ്രസ്തുത സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കണമെന്നാശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 21/24-02-2023 ന് മറുപടി നൽകിയിട്ടില്ല. നികുതി ഈടാക്കി പ്രസ്തുത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14-5 റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

കേരള സംസ്ഥാന സിവിൽ സപ്ലൈസ് കമ്മീഷണറുടെ 21.01.2019 ലെ (സി. എസ്)എ9-764/2019 നം. കത്ത് പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അഴൂർ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന റേഷൻ കടകളിൽനിന്നും 2021-2022 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ല. തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല . കൃത്യമായ ഡിമാന്റ് നോട്ടീസിലൂടെ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പ്രസ്തുത വിവരം ഓഡിറ്റിനെ ധരിപ്പിക്കേണ്ടതാണ്.

## 1-14-6 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്തിലോ അതിനു വെളിയിലോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്തിൽ താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതുമായ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്തുമായി വിവിധ കരാറുകളിൽ ഏർപ്പെട്ട് 60 ദിവസത്തിലധികം പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ള കരാറുകാരുടെ പട്ടിക ലഭ്യമാക്കാനും ടി വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന് എന്തെങ്കിലും കാരണം ബോധിപ്പിക്കാനുള്ള പക്ഷം ആയത് അറിയിക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 21 നു മറുപടി ലഭ്യമാക്കിയിട്ടില്ല. മരാമത്ത് പ്രവൃത്തികളിൽ ഏർപ്പെട്ട് 60 ദിവസത്തിലധികം പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളതും മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നികുതി അടവാക്കാത്തതുമായ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പ്രസ്തുത രസീതും അനുബന്ധ രേഖകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-14-7 തൊഴിൽ നികുതി രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തൽ നടത്തി കാലികമാക്കി സൂക്ഷിച്ചിട്ടില്ല

അഴൂർ ഗ്രാമ പഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല. ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാനം രേഖപ്പെടുത്താതെയാണ് ഡിമാന്റ് തുകയും കളക്ഷൻ തുകയും രേഖപ്പെടുത്തിയിരിക്കുന്നത്. സ്ഥാപനങ്ങൾ ആദ്യ പാദ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയതുമായി ബന്ധപ്പെട്ട വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തൽ നടത്തി കാലികമാക്കി സൂക്ഷിക്കാൻ വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 കൃഷിയുമായി ബന്ധപ്പെട്ട പദ്ധതികൾ കൃത്യമായ മോണിറ്ററിംഗിന് വിധേയമാക്കുന്നില്ല

കൃഷി ഓഫീസർ നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികൾ സംബന്ധമായ ഫയലുകളിൽ ഒന്നിലും മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെട്ടിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ടിന്റെ അഭാവത്തിൽ പദ്ധതികൾ കാര്യക്ഷമമായി നിർവ്വഹിച്ചതായും ലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്താനും പറ്റാത്ത സാഹചര്യം നിലനിൽക്കുന്നു.

2021-22 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നിർവ്വഹിച്ചിട്ടുള്ള പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ നം. | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് | പദ്ധതി ലക്ഷ്യം |
|---|---|---|---|---|
| 117/22 | കേദാരം നെൽകൃഷി വികസനം (രണ്ടാം വിള) | 188485 | 51000 | (സ്പിൽ ഓവർ പദ്ധതി) |
| 44/22 | കേദാരം നെൽകൃഷി വികസനം രണ്ടാം വിള | 42820 | 30860 | 6ഹെക്ടറിൽ രണ്ടാം വിള നെൽകൃഷി ചെയ്യുന്നതിന് സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സൗജന്യമായി വിത്ത് വാങ്ങി നൽകുന്നു. ബ്ലോക്ക് പഞ്ചായത്തുകൾ കൂലിച്ചെലവ് നൽകുന്നു |
| 34/22 | കേദാരം നെൽകൃഷി വികസനം ഒന്നാം വിള | 407850 | 214000 | 8 ഹെക്ടറിൽ ഒന്നാം വിള നെൽകൃഷി ചെയ്യുന്നതിന് സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സൗജന്യമായി വിത്ത് വാങ്ങി നൽകുന്നു. ജൈവവളത്തിന് സബ്സിഡി അക്കൗണ്ടിൽ നൽകുന്നു. രാസവളം 50% സബ്സിഡി നിരക്കിൽ വാങ്ങുന്നു. കർഷകർ ഗുണഭോക്തൃവിഹിതം അടക്കേണ്ടതാണ്. കുമ്മായം സൊസൈറ്റി/ Kaico/ Raidco എന്നീ സ്ഥാപനങ്ങളിൽ നിന്നും വാങ്ങി നൽകുന്നു. ബ്ലോക്ക് പഞ്ചായത്തുകൾ കൂലിച്ചെലവ് നൽകുന്നു |
| 45/22 | പച്ചക്കറി കൃഷി ഗ്രോ ബാഗിൽ | 200000 | 200000 | പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 100 ഗുണഭോക്താക്കൾക്ക് പോട്ടിംഗ് മിശ്രിതം നിറച്ച 25 ഗ്രോ ബാഗും പച്ചക്കറി തൈകളും നൽകുന്നു. നിറച്ച ഗ്രോ ബാഗുകൾ സർക്കാർ സ്ഥാപനങ്ങൾ/ കാർഷിക കർമ സേന/ അഗ്രോ സർവ്വീസ് സെന്റർ... ഇവയിലേതെങ്കിലും സ്ഥാപനത്തിൽ നിന്ന് വാങ്ങി നൽകുന്നു. |
| 82/22 | സുഭിക്ഷ കേരളം - തരിശ്ശു ഭൂമിയിലെ കിഴങ്ങ് വർഗ്ഗ കൃഷി | 270000 | 270000 | സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി 10 ഹെക്ടർ തരിശ്ശു ഭൂമിയിൽ കിഴങ്ങുവിളകൾ കൃഷി ചെയ്യുന്നതിന് സ.ഉ. (സാധാ) നം. 1009/2020, ഖ. 2.1 പ്രകാരം ഒരു ഹെക്ടറിന് 27000 രൂപ കർഷകനു നൽകുന്നു. |
| 71/22 | ജീവനി പച്ചക്കറി കൃഷി (ഗ്രൂപ്പുകൾക്ക്) | 493600 | 492500 | 50 സെന്റ് സ്ഥലത്തിന് ഒരു യൂണിറ്റ് ആയി പച്ചക്കറി കൃഷി ചെയ്യുന്നതിന് വിത്ത് സൗജന്യമായും ജൈവവളവും കുമ്മായവും സബ്സിഡി നിരക്കിലും നൽകുന്നു. ഒരു ഗ്രൂപ്പിന് പരമാവധി 5 യൂണിറ്റ് വരെ ആനുകൂല്യം നൽകാം. വിത്ത് , ജൈവവളം , കുമ്മായം എന്നിവ Kaico/ Vfpck/ സർക്കാർ സ്ഥാപനങ്ങൾ.... എന്നിവിടങ്ങളിൽ നിന്നും വാങ്ങി നൽകണം. ഒരു യൂണിറ്റിന് 1353/-രൂ ഗുണഭോക്തൃ വിഹിതമായി അടയ്ക്കണം. |

| | | | |
|---|---|---|---|
| | | 1602755 | 1258360 |

സ.ഉ(കൈ)നം. 11/2018/ത.സ്വ.ഭ.വ തീ. 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 13.1 പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണത്തിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം. മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിയ്ക്കും നൽകേണ്ടതുമാണ്. പദ്ധതി മാർഗ്ഗരേഖയിലെ ടി നിർദ്ദേശം പാലിച്ച് മേൽപട്ടികയിലെ പദ്ധതികളുടെ മോണിറ്ററിംഗ് നിർവ്വഹിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 32/27-02-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിൽ മോണിറ്ററിംഗ് സമിതിയുടെ കൃത്യമായ മേൽനോട്ടം ഉണ്ടായിരിക്കേണ്ടതും പദ്ധതി ഫയലുകൾക്കൊപ്പം മോണിറ്ററിംഗ് റിപ്പോർട്ട് സൂക്ഷിക്കേണ്ടതുമാണ്.

## 1-16 പി.എച്ച്.സി.യിലേക്ക് ഫോട്ടോകോപ്പിയർ വാങ്ങൽ-ക്വട്ടേഷൻ വിവരങ്ങൾ ലഭ്യമല്ല.

പ്രോജക്ട് നം - 194/22

അടങ്കൽ -100000

ചെലവ് -96499/-

ഫണ്ട് -മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡിതരം.

നിർവഹണം -മെഡിക്കൽ ഓഫീസർ-പി.എച്ച്.സി.

സർക്കുലർ നം ഐ.ടി.സെൽ.1/26/2019/വി.സ.വ.തീയതി 18.03.2019 പ്രകാരം കമ്പ്യൂട്ടറുകൾ,പ്രിന്ററുകൾ, ഫോട്ടോകോപ്പിയർ എന്നിവ Www.cprcs.kerala.gov.in എന്ന പോർട്ടലിൽ നിന്നേ വാങ്ങാൻ പാടുള്ളൂ എന്ന് വ്യക്തമാക്കുന്നുണ്ട്.എന്നാൽ പി.എച്ച്.സിയിലേക്ക് ഒരു ഫോട്ടോകോപ്പിയർ GAIN INFOSYSTEM Pvt Ltd House No.B4 TC No 1/1242(1) Mohanam Poonthi Road Medical College എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിരുന്നു. Www.cprcs.kerala.gov.in എന്ന പോർട്ടലിൽ നിന്നും പ്രസ്തുത ഇനം വാങ്ങാത്തതിന്റെ കാരണം ഫയലിൽ ലഭ്യമല്ല. മാത്രമല്ല സ്വകാര്യസ്ഥാപനത്തിൽ നിന്നും വാങ്ങിയതിന് ക്വട്ടേഷൻ ക്ഷണിച്ചിരുന്നോ എന്ന് വ്യക്തമല്ല. സ്റ്റോർ പർച്ചേസ് മാന്വൽ 2013 {സർക്കാർ ഉത്തരവ്.ജി.ഒ.(പി)നം.03/2013എസ്.പി.ഡി.തീയതി.21.06.2013} ഖ.7.6,7.31 എന്നിവ പ്രകാരം 15000/-രൂപയ്ക്കു മുകളിൽ 100000/-രൂപ വരെയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നുണ്ട്. ക്വട്ടേഷൻ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 28/2023 തീയതി: 27.02.2023.) മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി രണ്ടുമാസത്തിനകം പ്രസ്തുത വിഷയത്തിൻമേൽ മറുപടി ലഭ്യമാക്കി/രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-17 പഞ്ചായത്ത് തലത്തിൽ ആരോഗ്യബോധവൽകരണ പരിപാടി-മാർഗരേഖ നിർദ്ദേശം പാലിക്കാതെ പ്രോജക്ട് നടപ്പിലാക്കി.

പ്രോജക്ട് നം - 26

അടങ്കൽ -50000/-

ചെലവ് -20000/-

ഫണ്ട് -തനത് ഫണ്ട്.

ബിൽ നമ്പർ/ചെക്ക് നമ്പർ – ലഭ്യമാക്കിയിട്ടില്ല.

നിർവഹണം -മെഡിക്കൽ ഓഫീസർ-പി.എച്ച്.സി.

ഈ പ്രോജക്ടിനായി തനത് ഫണ്ടിൽ നിന്നും 20000/-രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ ആവശ്യത്തിലേക്ക് ആരോഗ്യബോധവൽക്കരണ സന്ദേശ ബോർഡുകൾ 1 മീറ്റർ വീതി 1.5 മീറ്റർ നീളം എന്ന അളവിൽ 50 എണ്ണം ചെയ്യുതരുന്നതിന് മത്സരാടിസ്ഥാനത്തിൽ രജിസ്ട്രേഷനുള്ള സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് (30000 രൂപ)ക്വാട്ട് ചെയ്ത മഹിമ അഡ്വർടൈസിംഗ് & പ്രിന്റിംഗ് പോത്തൻകോട് എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തു. ടി സ്ഥാപനം 30000/-രൂപയുടെ ക്യാഷ് ബില്ലുകൾ (ജി.എസ്.ടി.ബിൽ അല്ല.) നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന് തുക നൽകിയ വിവരം ലഭ്യമല്ല. സുലേഖ ചെലവ് പത്രിക പ്രകാരം 20000/-രൂപ ഈ പ്രോജക്ടിന് ചെലവ് വന്നിട്ടുണ്ട്.

സർക്കാർ ഉത്തരവ് (കൈ) നം 11/2018/ത.സ്വ.ഭ.വ.തിരുവനന്തപുരം തീയതി.29.01.2018 ഖണ്ഡിക 7.7.2പ്രകാരം ബോധവൽക്കരണ പരിപാടികൾക്ക് മാത്രമായി പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ പാടില്ല. എന്നാൽ ബോധവൽക്കരണ പരിപാടിയ്ക്കായി ഈ പ്രോജക്ട് ഏറ്റെടുത്തതായി കാണുന്നു. അപാകത ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 28/2023 തീയതി: 27.02.2023.) മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി രണ്ടുമാസത്തിനകം പ്രസ്തുത വിഷയത്തിൻമേൽ മറുപടി ലഭ്യമാക്കി/രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-18 പി.എച്ച്.സിയിലേക്ക് പ്രിന്റർ, ലാപ്ടോപ്പ് എന്നിവ വാങ്ങൽ-പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ

പ്രോജക്ട് നം - 146

അടങ്കൽ -75000/-

ചെലവ് -74998/-

ഫണ്ട് -മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡിതരം.

നിർവഹണം -മെഡിക്കൽ ഓഫീസർ-പി.എച്ച്.സി.

ടി പ്രോജക്ട് പ്രകാരം Cprcs മുഖാന്തിരം ഒരു ലാപ്ടോപ് വാങ്ങുന്നതിനായി 59038/-രൂപ ചെലവഴിച്ചിട്ടുണ്ട്.എന്നാൽ സ്പെസിഫിക്കേഷൻ പ്രകാരം ആവശ്യപ്പെട്ട ലാപ്ടോപ്പ് സ്റ്റോക്കില്ലായെന്ന് കെൽട്രോൺ അറിയിച്ചതിനെത്തുർന്ന് പകരം 50616/-രൂപ വിലവരുന്ന ഡെസ്ക്ക് ടോപ്പ് കമ്പ്യൂട്ടർ കെൽട്രോണിൽ നിന്നും വാങ്ങി. പദ്ധതിയുടെ നടത്തിപ്പിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

-ഡെസ്ക്ക്ടോപ്പിന്റെ വിലയിൽ നിന്നും ശേഷിക്കുന്ന തുകയായ 8422/-രൂപ കെൽട്രോണിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല.

-സർക്കാർ ഉത്തരവ് (ആർ.ടി.) നം 99/2021 ഐ.ടി.ഡി.തീയതി.23.07.2021 പ്രകാരം സർക്കാർ വകുപ്പുകൾ ഡെസ്ക്ക് ടോപ്പുകൾക്കു പകരം ലാപ്ടോപ്പുകൾ വാങ്ങണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ ഈ നിർദ്ദേശം ഇവിടെ പാലിക്കപ്പെട്ടില്ല.

-കൂടാതെ സർക്കുലർ നം ഡി.എ1/153/2020/ത.സ്വ.ഭ.വ.തീയതി.07.09.2020 പ്രകാരം ലാപ്ടോപ്പുകൾ Cprcs ൽ നിന്നും ലഭിക്കാൻ ഒരു മാസത്തിലധികം താമസമുണ്ടായാൽ ടെണ്ടർ/ഇ-ടെണ്ടർ മുഖേന വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. ഈ നിർദ്ദേശവും ഇവിടെ പാലിച്ചിട്ടില്ല.

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-15/2023 തീയതി: 23.02.2023.)മറുപടി ലഭ്യമാക്കിയില്ല.ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി രണ്ടുമാസത്തിനകം പ്രസ്തുത വിഷയത്തിൻമേൽ മറുപടി ലഭ്യമാക്കി/രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-19 ലൈഫ് ഭവന പദ്ധതി എസ്.സി.പി.-പൊതു അപാകതകൾ

വി.ഇ.ഒ സർക്കിൾ-1 നിർവഹണം നടത്തിയ ലൈഫ് ഭവനപദ്ധതികളുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെച്ചേർക്കുന്നു.

ലൈഫ് ഭവന പദ്ധതി എസ് .സി.പി.പ്രോജക്ട് നം 98&60

പട്ടികജാതി വിഭാഗങ്ങൾക്കായി പ്രോജക്ട് നം 98&60 എന്നിങ്ങനെ രണ്ടുപദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്.ഗുണഭോക്താക്കൾക്ക് ഈ രണ്ട് പദ്ധതികളിൽനിന്നും ആനുകൂല്യം നൽകിയിട്ടുണ്ട്.ഈ പദ്ധതിയുടെ അപേക്ഷകൾ, രേഖകൾ എന്നിവയിലെ അപാകതകൾ ചുവടെച്ചേർക്കുന്നു.

*താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താവ്-വിവരങ്ങൾ | നാളിതുവരെ കൈപ്പറ്റിയ തുക |
|---|---|---|
| 1 | തങ്ക.കെ-അശ്വതി ഭവൻ പഴവൂർക്കോണം മഞ്ഞമല | 360000 |
| 2 | അജിത-ചരുവിള വീട് അഴൂർ | 360000 |
| 3 | സുജി-വയൽതിട്ടവീട്,പെരുങ്കുഴി. | 300000 |

*അക്വിറ്റൻസ് രജിസ്റ്ററിൽ എല്ലാ ഗുണഭോക്താക്കളും ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

*ശ്രീമതി അശ്വതി.എ-ചരുവിള പുത്തൻ വീട് അഴൂർ എന്ന ഗുണഭോക്താവ് എസ്.സി.വകുപ്പിൽ നിന്നും ഭവനനിർമ്മാണ ആനുകൂല്യം ലഭ്യമായിട്ടില്ലായെന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ലൈഫ് ഭവന പദ്ധതി -എസ്.സി.പി.

ഈ പദ്ധതി (പദ്ധതി നം 102) പ്രകാരം തൻവർഷം 19 ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ചെലവ് രേഖകളിൽ കണ്ടെത്തിയ അപാകതകൾ ചുവടെച്ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | അപാകതകൾ |
|---|---|---|
| 1 | ലാലി- പുതുവൽ വിളവീട് | -കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടില്ല. |

| | | |
|---|---|---|
| | | -പട്ടിക ജാതി വകുപ്പിൽ നിന്നും പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>-വരുമാന സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. |
| 2 | ഉഷ.കെ-ചന്തവിള പുത്തൻവീട് | -കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടില്ല. |
| 3 | സരിത.വൈ-ഗോകുലം ചിറ്റാറിക്കോണം | -വരുമാന സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.<br>-കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടില്ല.<br>-പട്ടിക ജാതി വകുപ്പിൽ നിന്നും പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| 4 | ബിന്ദു.സി-വാറുവിളാകം അഴൂർ | -പട്ടിക ജാതി വകുപ്പിൽ നിന്നും പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>-ടിയാൾ നാളിതുവരെ 300000/-രൂപ മാത്രമെ കൈപ്പറ്റിയിട്ടുള്ളൂ.ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. |
| 5 | ബിന്ദു.എൽ-വേലിക്കകം വാർഡ്-2 അഴൂർ | -ടിയാൾ നാളിതുവരെ 40000/-രൂപ മാത്രമെ കൈപ്പറ്റിയിട്ടുള്ളൂ.ഭവനനിർമ്മാണം പൂർത്തീകരിച്ചട്ടില്ല. |

മേൽ പദ്ധതികൾ പ്രകാരം ശ്രദ്ധയിൽപ്പെട്ട അപാകതകൾ ഓഡിറ്റ് എൻക്വയറി (നം- 25/ 2023തീയതി:27.02.2023.&നം-27/2023തീയതി: 27.02.2023) പ്രകാരം നിർവഹണ ഉദ്യോഗസ്ഥനെ അറിയിച്ചിരുന്നു. മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി രണ്ടുമാസത്തിനകം പ്രസ്തുത വിഷയത്തിൻമേൽ മറുപടി ലഭ്യമാക്കി/രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-20 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

പദ്ധതി നമ്പർ / പേര് : 35, ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന്

അടങ്കൽ : 300000, മെയിന്റനൻസ് ഫണ്ട്, റോഡിതരം

ചെലവ് :300000, മെയിന്റനൻസ് ഫണ്ട്, റോഡിതരം

നിർവഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ ഹോമിയോ

ബിൽ നം : 20.11.2021 ലെ 300000 രൂപയുടെ TR 59(E) ബിൽ (BRN 21010652062400929084)

<u>നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ്, ഇൻഡന്റ് എന്നിവയില്ലാതെ മരുന്നു വാങ്ങി</u>

മേൽ പദ്ധതി പ്രകാരം 300000/- രൂപയുടെ ഹോംകോയിൽ നിന്നും മരുന്നുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ വാങ്ങുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. മരുന്നുകളുടെ ഇൻഡന്റും നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റും പരിശോധനയ്ക്കായി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി 7 ന് മറുപടി ലഭ്യമായിട്ടില്ല.

<u>മരുന്നുകൾ ലഭ്യമാക്കാൻ കാലതാമസം</u>

HOMCO യുടെ 06.04.2022 ലെ 5612ാം നമ്പർ രസീത് പ്രകാരം 15.01.2022ൽ HOMCOയ്ക്ക് 300000 രൂപ മരുന്നുകൾ ലഭ്യമാക്കുന്നതിനായി അനുവദിച്ചു. എന്നാൽ മരുന്നുകൾ ലഭ്യമായത് 03.06.22(invoice No: LF96), 08.12.22(invoice No: LF1261)

എന്നീ തീയതികളിലാണ്. മരുന്നുകൾ ലഭ്യമാക്കാൻ ഇത്രയും കാലതാമസം നേരിട്ടതിന്റെ കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി 7ന് മറുപടി ലഭ്യമായിട്ടില്ല.

## 1-21 തെരുവ് വിളക്ക് സ്ഥാപിക്കൽ/പരിപാലനം-പൊതു അപാകങ്ങൾ

തെരുവ് വിളക്ക് പരിപാലനം/സ്ഥാപിക്കൽ എന്നിവയുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന 4 പ്രോജക്ടുകൾ പ്രകാരം ആകെ 37,36,678/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | പ്രോജക്ട് | ചെലവ് തുക | ഫണ്ട് |
|---|---|---|---|
| 147/2021-22 | LED തെരുവ് വിളക്ക് പരിപാലനം | 450,000 | തനത് ഫണ്ട് |
| 164/2021-22 | CFL മാറ്റി LED സ്ഥാപിക്കൽ | 450,000 | തനത് ഫണ്ട് |
| 88/2021-22 | തെരുവ് വിളക്ക് സ്ഥാപിക്കൾ | 2676678 | CFC Grant |
| 125/2021-22 | LED Highmast Light പരിപാലനം | 160000 | CFC Grant |

തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട പദ്ധതി നിർവ്വഹണത്തിലെ പൊതു അപാകതകൾ ചുവടെ ചേർക്കുന്നു.

1) തെരുവ് വിളക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല

പഞ്ചായത്തിലെ ഓരോ വാർഡിലും, എത്ര തെരുവ് വിളക്കുകൾ ഉണ്ടെന്നോ അവ എന്ത് തരത്തിൽപ്പെട്ടത് ആണെന്നോ, ടി വിളക്കുകൾ സ്ഥാപിച്ചത് എന്നാണെന്നോ, അവയുടെ വാറണ്ടി കാലാവധിയോ അറിയാൻ കഴിയുന്ന യാതൊരു രേഖകളും സൂക്ഷിക്കുന്നില്ല. ഇത്തരം വിവരങ്ങൾ ഉൾക്കൊള്ളുന്ന തെരുവ് വിളക്ക് രജിസ്റ്റർ പരിപാലിക്കാത്തത് മൂലം, പഞ്ചായത്തിൽ തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും, ആവശ്യമായ ഫണ്ട് വകയിരുത്തുന്നതിലും, പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും വീഴ്ചകൾ സംഭവിക്കുന്നുണ്ട്.

ഉദാഹരണമായി CFL ലൈറ്റുകൾ LED ആയി മാറ്റുന്ന പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ പഞ്ചായത്തിൽ എത്ര CFL ലൈറ്റുകൾ ഉണ്ടെന്ന കൃത്യമായ വിവരങ്ങൾ അത്യാവശ്യമാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 21.02.2019 ലെ DA1/17/2019-ാം നമ്പർ സർക്കുലർ പ്രകാരം, ഓരോ പഞ്ചായത്തിലും നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം, അവയിൽ പ്രവർത്തിക്കാത്തവ എന്നിവ സംബന്ധിച്ച് KSEB ഉദ്യോഗസ്ഥരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിനാൽ KSEB ഉദ്യോഗസ്ഥർ, വാർഡ് മെമ്പർമാർ എന്നിവരുടെ സഹകരണത്തോടെ മുഴുവൻ വാർഡുകളിലെയും തെരുവ് വിളക്കുകൾ സംബന്ധിച്ച വിവരശേഖരണം നടത്തി തെരുവ് വിളക്ക് രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2) വാറണ്ടി കാലാവധിക്കുള്ളിൽ കേടുപാടുകൾ സംഭവിക്കുന്ന വിളക്കുകളുടെ പരിപാലനം, അത് സ്ഥാപിച്ച ഏജൻസിക്ക് ആണെന്നിരിക്കേ ഇവ സംബന്ധിച്ച കൃത്യമായ വിവരങ്ങളുടെ അഭാവത്തിൽ പ്രവർത്തനരഹിതമായ തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി നടപ്പിലാക്കുന്ന പ്രോജക്ടുകളിൽ, വാറണ്ടി കാലാവധിക്കുള്ളിലുള്ള വിളക്കുകൾ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാൻ കഴിയുന്നില്ല.

3) തെരുവ് വിളക്ക് പരിപാലനം/ സ്ഥാപിക്കൽ എന്നീ പ്രോജക്ടുകളുടെ നിർവ്വഹണം, മോണിറ്ററിംഗ് സമിതി പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നില്ല. വാർഡ് മെമ്പർമാരുടെ സാക്ഷ്യ പത്രങ്ങൾ മാത്രമാണ് പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച ഏകരേഖ. ഇവ തന്നെ പലപ്പോഴും അവ്യക്തവും അപൂർണ്ണവും വെട്ടിതിരുത്തലുകളും കൂട്ടിച്ചേർക്കലും നടത്തിയ രീതിയിലുമാണ്. തെരുവ് വിളക്ക് സ്ഥാപിച്ച/ പരിപാലനം നടത്തിയ പോസ്റ്റിന്റെ നമ്പർ ഒഴികെ എന്ത് തരം വിളക്ക് ആണ് സ്ഥാപിച്ചതെന്നോ എന്ത് മെയിന്റനൻസ് ആണ് നടത്തിയതെന്നോ, ഏത് തീയതിയിൽ ആണ് പ്രവൃത്തി ചെയ്തതെന്നോ ഉള്ള വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

4) തെരുവ് വിളക്ക് സ്ഥാപിക്കൽ/ പരിപാലനം ഏറ്റെടുക്കുന്ന കരാറുകാർ /ഏജൻസികൾ വിശദമായ റിപ്പോർട്ടോ, വർക്ക് ബില്ലോ ഹാജരാക്കുന്നില്ല

ഓരോ പ്രോജക്ടിലെയും നിർവ്വഹണത്തിലെ അപാകങ്ങൾ തുടർന്നുള്ള ഖണ്ഡികകളിൽ പ്രതിപാദിക്കുന്നുണ്ട്.

## 1-22 LED തെരുവ് വിളക്ക് സ്ഥാപിക്കൽ-പദ്ധതി നിർവ്വഹണത്തിലെ പാളിച്ചകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 88/2021-22 |
| പേര് | LED തെരുവ് വിളക്ക് സ്ഥാപിക്കൽ |
| അടങ്കൽ | 2732000 (CFC) |
| ചെലവ് | 2676678 |
| ബിൽ നമ്പർ/തിയതി | P/4 Dtd 26.03.22 - 2368<br>P/5 Dtd 26.03.22 - 13367<br>P/9 Dtd 28.03.22 - 5426 |

| | |
|---|---|
| | P/10 Dtd 28.03.22 - 2655517 |

05.04.17 ലെ സ.ഉ.(സാധാ)നം.1097/2017/ത.സ്വ.ഭ.വ പ്രകാരം കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫയർ സൊസൈറ്റി (KREWS) ന്റെ അനുബന്ധ സ്ഥാപനമായ കേരള ഗ്രാമജ്യോതി ലൈറ്റിംഗ്, സ്വന്തമായി നിർമ്മിക്കുന്ന ഇലക്ട്രിക്കൽ ഉപകരണങ്ങൾ ടെണ്ടർ കൂടാതെ വാങ്ങാമെന്നുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിവിധ വാർഡുകളിൽ സ്ഥാപിക്കുന്നതിനായി 858 എണ്ണം "36 Watt LED Street Light (Automatic With All Accessories Including Installation) ന് 25.03.2022 ൽ Supply Order നൽകുകയും 26.03.2022 ൽ കമ്പനിയുമായി കരാറിൽ ഏർപ്പെടുകയും കമ്പനി അതേ ദിവസം നൽകിയ ഇൻവോയ്സ് പ്രകാരം (KREWS/B25 /21.22 Dtd.2603.12) 28.03.22 ൽ സാധനവിലയായ 2655517/- രൂപ നൽകിയതായും കാണുന്നു. ടി വിളക്കുകൾ സ്ഥാപിക്കുന്നതിന് മേൽനോട്ട കൂലിയായി KSEB സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം 21161/- രൂപയും ടി പദ്ധതി പ്രകാരം നൽകിയിട്ടുണ്ട്.

ടി പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1) KREWS ൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ 858 എണ്ണം 36 Watt LED തെരുവ് വിളക്കുകൾ വാങ്ങാനുള്ള ടി പദ്ധതിയിൽ കമ്പനിയുമായി ഏർപ്പെട്ട കരാർ പ്രകാരം സാധനങ്ങൾ വിതരണം ചെയ്ത് ബില്ല് ലഭ്യമാക്കുമ്പോൾ കരാർ തുകയുടെ 90 ശതമാനവും സാധന സാമഗ്രികൾ സ്ഥാപിച്ച് 15 ദിവസത്തിനുള്ളിൽ ബാക്കി തുകയും നൽകാമെന്നാണ് വ്യവസ്ഥ. എന്നാൽ കരാർ കമ്പനിയുമായി കരാർ ഒപ്പിട്ട തീയതി (26.03.2022) യിൽ തന്നെ കമ്പനി നൽകിയ ഇൻവോയിസ് പ്രകാരം (Invoice No. KREWS/B25/21-22 Dtd.26.03.2022) മുഴുവൻ തുകയും 28.03.2022 ന് കൈമാറിയതായി കാണുന്നു.

2) ലഭിച്ച തെരുവ് വിളക്കുകൾ നിശ്ചിത Specification (36 Watt LED Automatic Operation With All Accessories) പ്രകാരമുള്ളത് ആണെന്ന് ബന്ധപ്പെട്ട അധികാരികൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളതിന് KSEB ക്ക് 21161/- രൂപ എസ്റ്റിമേറ്റ് പ്രകാരം മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകൾ സംബന്ധിച്ച KSEB യുടെ റിപ്പോർട്ടോ സാക്ഷ്യപത്രമോ നൽകിയിട്ടില്ല.

4) വിതരണം ചെയ്ത തെരുവ് വിളക്കുകൾക്ക് 2 വർഷ വാറണ്ടി കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇക്കാര്യം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

5) കരാർ കമ്പനിയ്ക്ക് തുക കൈമാറിയ ശേഷമാണ് പല വാർഡ് മെമ്പർമാരും സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.
ഇത് സംബന്ധിച്ച് 27.02.23 ന് നൽകിയ 24-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടില്ല. ചൂണ്ടിക്കാട്ടിയ അപാകങ്ങൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരണം നൽകേണ്ടതാണ്.

## 1-23 തെരുവ് വിളക്ക് സ്ഥാപിക്കൽ എന്ന പ്രോജക്ട് പ്രകാരം തൻവർഷം സ്ഥാപിച്ച വിളക്കുകൾക്ക് , തെരുവ് വിളക്ക് പരിപാലന പ്രോജക്ട് പ്രകാരം അതേ വർഷം അറ്റകുറ്റ പണികൾക്ക് പണം ചെലവഴിച്ചു. 7800/- രൂപ നിരാകരിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ വാറണ്ടി കാലാവധി കഴിഞ്ഞ 24 Watt LED ലൈറ്റുകൾ ഒരു വർഷത്തേയ്ക്ക് അറ്റകുറ്റപണി നടത്തുന്നതിലേയ്ക്കായി പ്രോജക്ട് നമ്പർ 147/22 പ്രകാരം പത്രപ്പരസ്യം മുഖേനയും, വെബ് സൈറ്റിൽ വിൻഡോ പരസ്യം നൽകിയും ടെണ്ടർ ക്ഷണിച്ചതനുസരിച്ച് ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത 'United Energy Systems' TVPM' എന്ന സ്ഥാപനത്തിന് 754 എണ്ണം LED തെരുവ് വിളക്കുകൾ 650/- രൂപ നിരക്കിൽ അറ്റക്കുറ്റപ്പണി നടത്തിയതിന് തുക നൽകി. എന്നാൽ ടി പ്രോജക്ട് പ്രകാരം മെയിന്റനൻസ് ചെയ്ത 12 വിളക്കുകൾ, മറ്റൊരു പ്രോജക്ട് (പ്രോജക്ട് നമ്പർ 164/22) പ്രകാരം ഇതേ കരാറുകാരൻ ഇതേ വർഷം തന്നെ ഒരു വർഷ വാറണ്ടിയോട് കൂടി പുതിയതായി സ്ഥാപിച്ചതാണ് എന്ന് ടി പ്രോജക്ടിനോടൊപ്പം നൽകിയ വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം പ്രകാരം കാണുന്നു. പ്രോജക്ട് നമ്പർ 164/22 പ്രകാരം ടി വിളക്കുകൾ സ്ഥാപിക്കുന്നതിനും വിളക്കൊന്നിന് 650/- രൂപ ആണ് കരാർ കമ്പനി ഈടാക്കിയിരിക്കുന്നത്. ഈ സാഹചര്യത്തിൽ പ്രോജക്ട് നമ്പർ 164/22 പ്രകാരം നിലവിലുള്ള CFL ലൈറ്റ് മാറ്റി ഒരു വർഷ വാറണ്ടിയോടെ പുതുതായി സ്ഥാപിച്ച LED വിളക്കുകൾക്ക് അതേ കരാറുകാരന് തന്നെ പ്രോജക്ട് നമ്പർ 147/22 പ്രകാരം മെയിന്റനൻസ് ചാർജ്ജ് നൽകിയത് ക്രമവിരുദ്ധമാകയാൽ 12 തെരുവ് വിളക്കുകളുടെ മെയിന്റനൻസ് ചാർജ്ജ് ഇനത്തിൽ പ്രോജക്ട് നമ്പർ 147/22 പ്രകാരം നൽകിയ 7800/- രൂപ (12x650) ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദ വിവരങ്ങൾ ഭാഗം 3-1-ൽ ചേർക്കുന്നു

## 1-24 ടെണ്ടർ നടപടികൾ സ്വീകരിക്കാതെ തെരുവ് വിളക്ക് സ്ഥാപിക്കാൻ കരാർ നൽകി.

| | |
|---|---|
| പ്രോജക്ട് നമ്പർ | 164/22 |
| പ്രോജക്ടിന്റെ പേര് | തെരുവ് വിളക്ക് പരിപാലനം (CFL ൽ നിന്നും LED യിലേക്ക് മാറ്റൽ) |
| അടങ്കൽ | 490000 തനത് ഫണ്ട് |
| ചെലവ് | 450000 |
| ബിൽ നമ്പർ/തീയതി | 51 Dtd.12.1.2022 - 300,000/-<br>40 Dtd.09.03.2022 - 4375/- |

| | |
|---|---|
| | 41 Dtd 9.03.2022 - 4375/-<br>108 Dtd 28.03.2022 – 132500/-<br>44 Dtd 09.03.2022 8750/- |

ടി പദ്ധതി നടത്തിപ്പിനായി പ്രത്യേകം ടെണ്ടർ ക്ഷണിക്കുകയോ, പത്രപ്പരസ്യവും നൽകുകയോ ചെയ്തിട്ടില്ല. പദ്ധതി ഫയലിൽ സൂക്ഷിച്ചിരിക്കുന്ന പത്രപ്പരസ്യം, Website പരസ്യം എന്നിവ പ്രോജക്ട് നമ്പർ 147/22 (തെരുവ് വിളക്ക് - പരിപാലനം) എന്ന പ്രോജക്ടിന്റേതാണ്. നിലവിലുള്ള CFL മാറ്റി LED ലൈറ്റുകൾ പുതുതായി സ്ഥാപിക്കുന്നതിലേയ്ക്കായി DPC അംഗീകാരം ലഭിച്ച 164/22 നമ്പർ പ്രോജക്ടിനായി പ്രത്യേകം ടെണ്ടർ ക്ഷണിക്കുന്നതിന് പകരം പ്രോജക്ട് നമ്പർ 147/22 നമ്പർ പ്രോജക്ടിൽ പങ്കെടുത്ത മൂന്ന് സ്ഥാപനങ്ങളിൽ നിന്നും ലിമിറ്റഡ് ടെണ്ടറിലൂടെ കരാറുകാരനെ തെരഞ്ഞെടുക്കുകയാണുണ്ടായത്. രണ്ട് പ്രോജക്ടുകളുടെയും കരാർ ലഭിച്ചത് "United Energy Systems, TVPM' എന്ന സ്ഥാപനത്തിനാണ്. പുതിയ LED വിളക്കുകൾ സ്ഥാപിക്കുന്നതിനും (പ്രോജക്ട് നമ്പർ.164/22), നിലവിലുള്ളവ പരിപാലിക്കുന്നതിനും (പ്രോജക്ട് നമ്പർ. 147/22) ഒരേ നിരക്കിലാണ് (വിളക്കൊന്നിന് 650/- രൂപ) കരാർ നൽകിയിട്ടുള്ളത്.

ഇത് സംബന്ധിച്ച് 24.02.2023 ലെ 17-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ ക്ലറിക്കൽ പിശക് മൂലം സംഭവിച്ചതാണെന്നും രണ്ടും തെരുവ് വിളക്ക് മെയിന്റനൻസിനുള്ള പ്രോജക്ടുകൾ തന്നെയായിരുന്നു എന്നുമാണ് അറിയിച്ചിട്ടുള്ളത്. രണ്ടും മെയിന്റനൻസ് പ്രോജക്ട് ആണെങ്കിൽ രണ്ട് പ്രോജക്ടായി നടപ്പിലാക്കിയതിന്റെ വിശദീകരണം മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല.

ടി രണ്ട് പ്രോജക്ടുകളും ഒരേ സ്വഭാവമുള്ളതാണെങ്കിൽ ഒറ്റ പ്രോജക്ടായി നടപ്പിലാക്കാവുന്നതും, ആകെ അടങ്കൽ 5 ലക്ഷത്തിന് മുകളിൽ ആയതിനാൽ ഇ-ടെണ്ടർ നടപടികളിലൂടെ കൂടുതൽ മത്സരാധിഷ്ഠിതമായി പ്രോജക്ട് നടപ്പിലാക്കാവുന്നതുമായിരുന്നു.

## 1-25 കോവിഡ് പ്രതിരോധ ചെലവുകൾ-വരവ് ചെലവ് കണക്കുകൾ, ചെലവ് രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല - 647123/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളും DCC, CFLTC പ്രവർത്തനങ്ങളും) |
| പദ്ധതി നമ്പർ | S095/2021-22 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 1000000(തനത് ഫണ്ട്) |
| സുലേഖ പത്രിക പ്രകാരം ചെലവ് | ഇല്ല |

തനത് ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച ടി പദ്ധതിയിൽ സുലേഖ പത്രിക പ്രകാരം ചെലവ് പൂജ്യം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി അസിസ്റ്റന്റ് സെക്രട്ടറിയുടെ പേരിൽ കേരള ഗ്രാമീണ ബാങ്ക് , പെരുങ്ങുഴി ബ്രാഞ്ചിൽ 31.05.2021 ൽ പുതിയ SB അക്കൗണ്ട് (A/C No.40390101093788) ആരംഭിക്കുകയും താഴെപ്പറയും പ്രകാരം തനത് ഫണ്ടിൽ നിന്നും ടി അക്കൗണ്ടിലേയ്ക്ക് 815000/- രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതായും കാണുന്നു.

| തീയതി | തുക |
|---|---|
| 31.05.21 | 200000 |
| 02.06.21 | 5000 |
| 21.06.21 | 10000 |
| 22.07.21 | 200000 |
| 18.08.21 | 200000 |
| 10.09.21 | 200000 |
| ആകെ | 815000 |

20.09.21 വരെ ഇടപാട് നടന്ന ടി ബാങ്ക് അക്കൗണ്ടിൽ നിന്ന് 647123/- രൂപ പിൻവലിച്ചിട്ടുള്ളതും 167877/- രൂപ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. എന്നാൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ വരവ് ചെലവ് കണക്കുകളോ, ചെലവ് രേഖകളോ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. 95/2021-22 നമ്പർ പ്രോജക്ട് പ്രകാരം 647123/- രൂപ ചെലവിട്ടുവെങ്കിലും സുലേഖ പത്രികയിൽ ചെലവ് "പൂജ്യം" എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 18 തീയതി 24.02.23, ഓഡിറ്റ് അന്വേഷണം നമ്പർ 36 തീയതി 28.2.23 എന്നിവയ്ക്ക് മറുപടിയും നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ 2021-22 കാലയളവിൽ വിവിധ തീയതികളിലായി കേരള ഗ്രാമീൺ ബാങ്ക് SB A/C-93788 ൽ നിന്നും പിൻവലിച്ച 647123/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

95/21-22 നമ്പർ പ്രോജക്ടിന്റെ ഭാഗമായി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി പ്രത്യേകം ആരംഭിച്ച ബാങ്ക് അക്കൗണ്ടിന്റെ വരവ് ചെലവ് കണക്കുകൾ, ടി പ്രോജക്ടുമായി ബന്ധപ്പെട്ട ചെലവ് രേഖകളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. പ്രത്യേക അക്കൗണ്ടിൽ നീക്കിയിരിപ്പ് തുക പഞ്ചായത്ത് ഫണ്ടിൽ തിരികെ ഒടുക്കേണ്ടതുമാണ്.

## 1-26 HDD കേബിൾ സ്ഥാപിക്കുന്നതിന് JIO Digital Fibre Pvt Ltd എന്ന കമ്പനിയ്ക്ക് അനുമതി നൽകുന്നത് സംബന്ധിച്ച്.

2021-22 വർഷത്തെ ജനറൽ കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ HDD കേബിൾ സ്ഥാപിക്കുന്നതിന് JIO Digital Fibre Pvt Ltd എന്ന കമ്പനി നൽകിയ അപേക്ഷയിൽ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ എസ്റ്റിമേറ്റ് പ്രകാരം 20,48,005/- രൂപ ഈടാക്കിയ ശേഷം എഗ്രിമെന്റ് വച്ച് അനുമതി നൽകാൻ 30.06.21 ലെ ജനറൽ കമ്മിറ്റി 6(11)-ാം നമ്പരായി തീരുമാനം എടുത്തിട്ടുണ്ട്. എന്നാൽ ഇതിനു വിപരീതമായി 28.07.2021 ലെ 8(1) നമ്പർ തീരുമാന പ്രകാരം, ഇതേ വിഷയത്തിൽ 259301/- രൂപ എസ്റ്റിമേറ്റ് തുകയും 12,84,960/- രൂപ ഡെപ്പോസിറ്റും ഈടാക്കാൻ ഭരണസമിതി തീരുമാനം എടുത്തു. എസ്റ്റിമേറ്റ് തുക മാറാൻ ഇടയായ സാഹചര്യം, അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ പകർപ്പ്, JIO Fibre Ltd യഥാർത്ഥത്തിൽ ഒടുക്കിയ തുക, കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ എന്നീ വിവരങ്ങൾ 23.02.23 ലെ 8-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിലൂടെ ആരാഞ്ഞിരുന്നുവെങ്കിലും സെക്രട്ടറി മറുപടി നൽകിയിട്ടില്ല. ആയതിനാൽ ഈ വിഷയത്തിൽ മേൽ പരാമർശിച്ച ഓഡിറ്റ് അന്വേഷണ പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ ഹാജരാക്കേണ്ടതാണ്.

## 1-27 പെരുങ്കുഴി ഗവ.എൽ.പി.എസിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിച്ചത് സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കിയില്ല

അഴൂർ ഗ്രാമപഞ്ചായത്തിലെ പെരുങ്കുഴി ഗവ. LPS ൽ ഒഴിവുള്ള മൂന്ന് LPSA തസ്തികയിലേയ്ക്കും ഒരു അറബിക് ടീച്ചറിന്റെ ഒഴിവിലേയ്ക്കും ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്താൻ 28.10. 21 ലെ ജനറൽ കമ്മിറ്റി 6(34)-ാം നമ്പരായി തീരുമാനമെടുത്തിരുന്നു. ഇത് സംബന്ധിച്ച് സ്വീകരിച്ച തുടർ നടപടികൾ, ബന്ധപ്പെട്ട ഫയൽ, ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ, ടി ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നോ എന്നീ വിവരങ്ങൾ 23.02.2023 ലെ 8-ാം നമ്പർ ഓഡിറ്റ് അന്വേഷണ പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ടി വിവരങ്ങൾ/ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-28 വിതരണം ചെയ്യാതെ അവശേഷിച്ച ലാപ്ടോപിനെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല.

2020-21 വർഷത്തെ ലാപ്ടോപ് വിതരണ പദ്ധതി പ്രകാരം വാങ്ങിയ 22 ലാപ്ടോപുകളിൽ ബാക്കിയായ ഒരെണ്ണം സ്കൂളിൽ സൂക്ഷിക്കാൻ 22.03.2022 ലെ പഞ്ചായത്ത് കമ്മിറ്റി 3(7)-ാം നമ്പരായി തീരുമാനം എടുത്തതായി കാണുന്നു. എന്നാൽ ഏത് സ്കൂളിൽ ആണ് സൂക്ഷിക്കുന്നതെന്നും, ടി ലാപ്ടോപ് കൈപ്പറ്റിയതിന് ബന്ധപ്പെട്ട സ്കൂൾ അധികൃതരുടെ കൈപ്പറ്റ്/സ്റ്റോക്ക് വിവരങ്ങൾ 23.02.23 ലെ 8-ാം നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ടി വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-29 ARTCO യ്ക്ക് നൽകിയ ബില്ലിൽ നിന്നും GST TDS ആയി ഈടാക്കി ഒടുക്കിയ തുക കുറവ് ചെയ്തില്ല. 4424/- രൂപ ചെലവ് നിരാകരിക്കുന്നു.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി മുൻവർഷം ആരംഭിച്ച വയോജനങ്ങൾക്ക് കട്ടിൽ (പ്രോ.നം 135/2021-22) പദ്ധതിയുടെ ഭാഗമായി 60 കട്ടിലുകൾ വിതരണം ചെയ്ത വകയിൽ ARTCO 18% ജി.എസ്.ടി ഉൾപ്പെടെ ആകെ 260968/- രൂപയുടെ ബില്ലുകൾ [221160+39808 (GST)] 2020-21 വർഷത്തിൽ ഹാജരാക്കുകയും ടി ബില്ലുകളിൽ ജി.എസ്.ടി കഴിച്ചുള്ള 221160/- രൂപ 2020-21 വർഷത്തിൽ തന്നെ കൈപ്പറ്റുകയും ചെയ്തിരുന്നു. അവശേഷിച്ച 18% ജി.എസ്.ടി തുകയായ 39808/- രൂപയിൽ 2% TDS ആയി ഈടാക്കി (രൂപ 4424/- രൂപ) ജി.എസ്.ടി വകുപ്പിന് ഒടുക്കിയതായി ജൂലായ് മാസത്തെ GSTR 7 റിട്ടേൺ പ്രകാരം കാണുന്നു. എന്നാൽ ഇപ്രകാരം ബില്ലിൽ നിന്നും കുറവ് ചെയ്ത് ജി.എസ്.ടി വകുപ്പിന് ഒടുക്കിയ 4424/- രൂപ കുറവ് ചെയ്യാതെ 39808/- രൂപയും 30.12.21 ൽ ബിൽ നമ്പർ 15 പ്രകാരം ARTCO യ്ക്ക് നൽകിയിരിക്കുന്നു. ഇത് സംബന്ധിച്ച് 28.02.23 ൽ അസിസ്റ്റന്റ് സെക്രട്ടറിയ്ക്ക് നൽകിയ 35-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ അധികമായി ARTCO യ്ക്ക നൽകിയ 4424/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദ വിവരങ്ങൾ ഭാഗം 3-2 ൽ ചേർക്കുന്നു.

## 1-30 നെയിം ബോർഡ് സ്ഥാപിച്ചിട്ടില്ല - ചെലവ് തുക 2524/- രൂപ നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 75/2021-22 |
| പദ്ധതിയുടെ പേര് | അഴൂർ പി.എച്ച്.സി നവീകരണം |

27.02.23 ന് നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി രമ്യ.കെ.ആർ, ഓവർ സീയർ ശ്രീമതി മനിജ.വി.എം എന്നിവരോടൊപ്പം ഓഡിറ്റ് ടീം നടത്തിയ ടി പ്രോജക്ടിന്റെ സ്ഥല പരിശോധനയിൽ ഐറ്റം നമ്പർ 18 ആയി

എംബ്യക്ക്, ഫൈനൽ ബില്ല് എന്നിവയിൽ ഉൾപ്പെടുത്തി 2524.10 രൂപ കരാറുകാരന് നൽകിയ നെയിം ബോർഡ് സ്ഥാപിക്കുക എന്ന പ്രവൃത്തി നിർവഹിച്ചിട്ടില്ല. ഇത് സംബന്ധിച്ച് 27.02.23 ന് നൽകി 33-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ ഈ ഇനം പ്രവൃത്തിക്കായി ചെലവിട്ട 2524 രൂപ കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. വിശദ വിവരങ്ങൾ ഭാഗം 3-3 ൽ ചേർക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 തെരുവ് വിളക്ക് സ്ഥാപിക്കൽ എന്ന പ്രോജക്ട് പ്രകാരം തൻവർഷം സ്ഥാപിച്ച വിളക്കുകൾക്ക് , തെരുവ് വിളക്ക് പരിപാലന പ്രോജക്ട് പ്രകാരം അതേ വർഷം അറ്റകുറ്റ പണികൾക്ക് പണം ചെലവഴിച്ചു. 7800/- രൂപ നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ പേര് | 147/22, തെരുവ് വിളക്ക് മെയിന്റനൻസ് |
| അടങ്കൽ | 490000(തനത് ഫണ്ട്) |
| ചെലവ് | 450000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽ നമ്പർ/തീയതി | 36 Dtd 4.12.21 - 300000<br>42 Dtd 9.3.22 - 4375<br>43 Dtd 9.3.22 - 4375<br>109 Dtd 28.3.22 - 132500<br>44 Dtd 9.3.22 - 8750 -IT |

അഴൂർ പഞ്ചായത്തിലെ വാറണ്ടി കാലാവധി കഴിഞ്ഞ 24 Watt LED ലൈറ്റുകൾ ഒരു വർഷത്തേയ്ക്ക് അറ്റകുറ്റപണി നടത്തുന്നതിലേയ്ക്കായി പത്രപ്പരസ്യം മുഖേനയും, വെബ് സൈറ്റിൽ വിൻഡോ പരസ്യം നൽകിയും ടെണ്ടർ ക്ഷണിച്ചതനുസരിച്ച് ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത 'United Energy Systems' TVPM' എന്ന സ്ഥാപനത്തിന് 754 എണ്ണം LED തെരുവ് വിളക്കുകൾ 650/- രൂപ നിരക്കിൽ അറ്റക്കുറ്റപ്പണി നടത്തിയതിന് വാർഡ് മെമ്പർമാർ നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തുക നൽകി. എന്നാൽ ടി പ്രോജക്ട് പ്രകാരം മെയിന്റനൻസ് ചെയ്ത താഴെപ്പറയുന്ന വാർഡുകളിലെ 12 വിളക്കുകൾ, മറ്റൊരു പ്രോജക്ട് (പ്രോജക്ട് നമ്പർ 164/22) പ്രകാരം ഇതേ സ്ഥാപനം ഇതേ വർഷം തന്നെ ഒരു വർഷ വാറണ്ടിയോട് കൂടി പുതിയതായി സ്ഥാപിച്ചതാണ് എന്ന് ടി പ്രോജക്ടിനോടൊപ്പം നൽകിയ വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. പ്രോജക്ട് നമ്പർ 164/22 പ്രകാരം ടി വിളക്കുകൾ സ്ഥാപിക്കുന്നതിന് വിളക്കൊന്നിന് 650/- രൂപ കരാർ കമ്പനി ഈടാക്കിയിട്ടുണ്ട്.

| വാർഡ് നമ്പർ | പോസ്റ്റ് നമ്പർ |
|---|---|
| 1 | (1) KP/PM 30/6 |
| 3 | (2)C/VA/147/1/7 (3)C/VA/137/2<br>(4)C/VA/137/3/4 (5)C/VA/137/14<br>(6)C/VA/127/1 (7) C/GP/8 |
| 6 | (8)M/AM/12/5/12/1 (9) M/AM/8/4 |
| 8 | (10)M/AM/30/12 |
| 10 | (11)M/KP/57/4/13/3 |
| 15 | (12)C/MS/1/6/2 |

ഇത് സംബന്ധിച്ച് 24.02.23 ന് നൽകിയ 20-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ, വാർഡ് അംഗങ്ങൾക്ക് ലിസ്റ്റ് തയ്യാറാക്കിയതിൽ വന്ന വീഴ്ചയാണെന്നും രണ്ട് പദ്ധതികൾ ഒന്നിച്ച് ടെണ്ടർ ചെയ്ത് നിർവ്വഹണം നടത്തിയത് കൊണ്ട് ഉണ്ടായ പിഴവാണെന്നമാണ് മറുപടി നൽകിയിട്ടുള്ളത്.

ഈ സാഹചര്യത്തിൽ പ്രോജക്ട് നമ്പർ 164/22 പ്രകാരം നിലവിലുള്ള CFL ലൈറ്റ് മാറ്റി ഒരു വർഷ വാറണ്ടിയോടെ പുതുതായി സ്ഥാപിച്ച LED വിളക്കുകൾക്ക് അതേ കരാറുകാരൻ തന്നെ പ്രോജക്ട് നമ്പർ 147/22 പ്രകാരം മെയിന്റനൻസ് ചാർജ്ജ് നൽകിയത് ക്രമവിരുദ്ധമാകയാൽ 12 തെരുവ് വിളക്കുകളുടെ മെയിന്റനൻസ് ചാർജ്ജ് ഇനത്തിൽ പ്രോജക്ട് നമ്പർ 147/22 പ്രകാരം നൽകിയ 7800/- രൂപ (12x650) ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-2 ARTCO യ്ക്ക് നൽകിയ ബില്ലിൽ നിന്നും GST TDS ആയി ഈടാക്കി ഒടുക്കിയ തുക കുറവ് ചെയ്തില്ല. 4424/- രൂപ ചെലവ് നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് | വയോജനങ്ങൾക്ക് കട്ടിൽ |
| പ്രോജക്ട് നമ്പർ | 135/2021-22 (Spill Over) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 39808 (വികസന ഫണ്ട് -എസ്.സി.പി) |
| ചെലവ് | 39808 |
| ബിൽ നമ്പർ | 15 തീയതി.30.12.21 |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി മുൻവർഷം ആരംഭിച്ച ടി പദ്ധതിയുടെ ഭാഗമായി 60 കട്ടിലുകൾ വിതരണം ചെയ്ത വകയിൽ ARTCO 18% ജി.എസ്.ടി ഉൾപ്പെടെ ആകെ 260968/- രൂപയുടെ ബില്ലുകൾ [221160+39808 (GST)] 2020-21 വർഷത്തിൽ ഹാജരാക്കുകയും ടി ബില്ലുകളിൽ ജി.എസ്.ടി കഴിച്ചുള്ള 221160/- രൂപ 2020-21 വർഷത്തിൽ തന്നെ കൈപ്പറ്റുകയും ചെയ്തിരുന്നു. അവശേഷിച്ച 18% ജി.എസ്.ടി തുകയായ 39808/- രൂപയിൽ 2% TDS ആയി ഈടാക്കി (രൂപ 4424/- രൂപ) ജി.എസ്.ടി വകുപ്പിന് ഒടുക്കിയതായി ജൂലായ് മാസത്തെ GSTR 7 റിട്ടേൺ പ്രകാരം കാണുന്നു. എന്നാൽ ഇപ്രകാരം ബില്ലിൽ നിന്നും കുറവ് ചെയ്ത് ജി.എസ്.ടി വകുപ്പിന് ഒടുക്കിയ 4424/- രൂപ കുറവ് ചെയ്യാതെ 39808/- രൂപയും 30.12.21 ൽ ബിൽ നമ്പർ 15 പ്രകാരം ARTCO യ്ക്ക് നൽകിയിരിക്കുന്നു. ഇത് സംബന്ധിച്ച് 28.02.23 ൽ അസിസ്റ്റന്റ് സെക്രട്ടറിയ്ക്ക് നൽകിയ 35-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ അധികമായി ARTCO യ്ക്ക് നൽകിയ 4424/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് ARTCO യിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-3 നെയിം ബോർഡ് സ്ഥാപിച്ചിട്ടില്ല - ചെലവ് തുക 2524/- രൂപ നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 75/2021-22 |
| പദ്ധതിയുടെ പേര് | അഴൂർ പി.എച്ച്.സി നവീകരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 393189(മെയിന്റനൻസ് ഫണ്ട്) |
| ചെലവ് | 393189 |
| ബിൽ നമ്പർ/തീയതി | 25/07.01.2022 |
| എംബുക്ക് നമ്പർ | 50/21-22 |

27.02.23 ന് നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി രമ്യ.കെ.ആർ, ഓവർ സീയർ ശ്രീമതി മനിജ.വി.എം എന്നിവരോടൊപ്പം ഓഡിറ്റ് ടീം നടത്തിയ ടി പ്രോജക്ടിന്റെ സ്ഥല പരിശോധനയിൽ ഐറ്റം നമ്പർ 18 ആയി എംബുക്ക്, ഫൈനൽ ബില്ല് എന്നിവയിൽ ഉൾപ്പെടുത്തി 2524.10 രൂപ കരാറുകാരന് നൽകിയ നെയിം ബോർഡ് സ്ഥാപിക്കുക ( Name Board Of 75x60 Cm, GI Pipe & 1 Mm MS Sheet) എന്ന പ്രവൃത്തി ചെയ്തതായി കണ്ടില്ല. ഇക്കാര്യം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Site Inspection Report ൽ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അപാകത സംബന്ധിച്ച് അസിസ്റ്റന്റ് എൻജിനീയർക്ക് 27.02.23 ന് നൽകിയ 33-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ ഈ ഇനം പ്രവൃത്തിക്കായി ചെലവിട്ട 2524 രൂപ കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

ജില്ലാ പഞ്ചായത്ത് വിഹിതം

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ

| മുന്നിരിപ്പ് | തൻവർഷം ആകെ ലഭിച്ച തുക | തൻവർഷം ആകെ ചെലവ് തുക | നീക്കിയരിപ്പ്. |
|---|---|---|---|
| 43200 | 2501500 | 2501500 | 43200 |

സുലേഖ പത്രിക പ്രകാരമുള്ള ചെലവ് വിവരങ്ങൾ

| ജില്ലാ പഞ്ചായത്ത് വിഹിതം- പദ്ധതി നം | പദ്ധതി വിവരങ്ങൾ | ചെലവ് |
|---|---|---|
| 51/22 | ലൈഫ് മിഷൻ ഭൂമി വാങ്ങൽ | 225000 |
| 105/22 | ലൈഫ് ഭവന പദ്ധതി-ഫിഷറീസ് | 40000 |
| 102/22 | ലൈഫ് ഭവന പദ്ധതി-എസ്.സി.പി. | 1260000 |
| 104/22 | ന്യൂലൈഫ് ലക്ഷംവീട് കോളനി നവീകരണം | 160000 |
| 54/22 | ലൈഫ് മിഷൻ ഭവന പദ്ധതി- | 400000 |
| 05/22 | സ്നേഹസ്പർശം | 316500 |
| 31/22 | ക്ഷീര സമൃദ്ധി | 100000 |
| ആകെ | | 2501500 |

ബ്ലോക്ക് പഞ്ചായത്ത് വിഹിതം

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ

| മുന്നിരിപ്പ് | തൻവർഷം ആകെ ലഭിച്ച തുക | തൻവർഷം ആകെ ചെലവ് തുക | നീക്കിയരിപ്പ്. |
|---|---|---|---|
| 80920 | 1980460 | 2060460 | 920 |

സുലേഖ പത്രിക പ്രകാരമുള്ള ചെലവ് വിവരങ്ങൾ

| ബ്ലോക്ക് പഞ്ചായത്ത് വിഹിതം- പദ്ധതി നം | പദ്ധതി വിവരങ്ങൾ | ചെലവ് |
|---|---|---|
| 117/22 | കേദാരം നെൽകൃഷി-രണ്ടാംവിള | 51000 |
| 44/22 | കേദാരം നെൽകൃഷി-രണ്ടാംവിള | 11960 |
| 34/22 | കേദാരം നെൽകൃഷി-രണ്ടാംവിള | 51000 |
| 100/22 | കോളിച്ചിറ പണ്ടാരവിള ലക്ഷം വീട് പുനരുദ്ധാരണം | 80000 |
| 102/22 | ലൈഫ് ഭവനപദ്ധതി-എസ്.സി.പി. | 520000 |
| 5/22 | സ്നേഹസ്പർശം | 316500 |
| 7/22 | പകൽ വീട് നടത്തിപ്പ്. | 280000 |
| 31/22 | ക്ഷീര സമൃദ്ധി. | 750000 |
| ആകെ | | 2060460 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

| നിർവഹണ | മുന്നിരിപ്പ് | തൻവർഷം | നൽകിയ | തിരികെ | ചെലവഴിക്കുവാൻ |
|---|---|---|---|---|---|

| ഏജൻസി | | തുക നൽകിയ പ്രവൃത്തിയുടെ വിവരങ്ങൾ | തുക | ലഭിച്ച തുക | ബാക്കിയുള്ള തുക-(എ.എഫ്.എസ്സ് പ്രകാരം) |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 2675640 | ഇല്ല. | ഇല്ല | 1007497* | ഇല്ല* |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 919320 | പോസ്റ്റ് ഷിഫ്റ്റിംഗ്-(പദ്ധതി നം 156/22) | 139062 | ഇല്ല | 1058382 |

കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും ആകെ 2675640/-രൂപയുടെ വിനിയോഗ രേഖകൾ ലഭ്യമാകാനുണ്ടായിരുന്നു. ഇതിൽ 1007497/-രൂപ തിരികെ ലഭിച്ചിട്ടുണ്ട്. ബാക്കി തുക 1668143/-രൂപയുടെ വിവരങ്ങൾ ലഭ്യമല്ല. ഡെപ്പോസിറ്റ് ഇനങ്ങളിൽ നൽകിയ തുക സംബന്ധിച്ച വിവരങ്ങൾ ധനകാര്യ പത്രികയിലെ രേഖപ്പെടുത്തലുമായി പൊരുത്തപ്പെടുന്നില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ്പാ/വായ്പ്പാ തിരിച്ചടവ്.

| വായ്പയുടെ പേര് | വർഷാരംഭത്തിൽ തിരിച്ച് അടവാക്കാൻ ബാക്കിയുണ്ടായിരുന്ന തുക | വരവ് തുക | തൻവർഷം തിരിച്ച് അടവാക്കിയതുക | വർഷാവസാനം ബാക്കിയുള്ള തുക |
|---|---|---|---|---|
| KURDFC ലോൺ | 34585333 | 2200000 | 4209333 | 32576000 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 89489392 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 89743081 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 14748 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 647123 |

(ബി)ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-1 | 7800 | ശ്രീ . ചന്ദ്രബാബു, സെക്രട്ടറി |
| 3-2 | 4424 | ശ്രീ. ശ്രീകുമാർ . എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 3- 3 | 2524 | ശ്രീമതി. രമ്യ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 14748 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 647123 | ശ്രീ . ചന്ദ്രബാബു, സെക്രട്ടറി |

(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ . ചന്ദ്രബാബു, സെക്രട്ടറി | സെക്രട്ടറി, അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്ത് | വൃന്ദാവനം, കോരാണി പി.ഒ |
| ശ്രീ. ശ്രീകുമാർ . എസ്, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കിഴവിലം ഗ്രാമ പഞ്ചായത്ത് | നന്ദനം, മണക്കാട് പി.ഒ തിരുവോണം |
| ശ്രീമതി. രമ്യ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് | വൃന്ദാവൻ, മൺവിള, പാങ്ങപ്പാറ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ എണ്ണം |
|---|---|---|
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1677/2022 തീയതി 03.10.2022 | 3 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1677/2022 തീയതി 03.10.2022 | 3 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1677/2022 തീയതി 03.10.2022 | 5 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1677/2022 തീയതി 03.10.2022 | 1 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1677/2022 തീയതി 03.10.2022 | 2 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/201/2019 തീയതി 29.05.2019 | 26 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/65/2020 തീയതി 01.03.2020 | 40 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1724/2022 തീയതി 03.10.2022 | 33 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/600/2022 തീയതി 03.10.2022 | 39 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തിരുവനന്തപുരം

ബി.റ്റി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്